പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 10 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ജനുവരി 2017

കേരള മോഡൽ രോഗീസൗഹൃദ ആശുപത്രികൾ ആർദ്രം പദ്ധതിയിലൂടെ

1000 സ്കൂളുകൾ മികവിന്റെ സ്ഥാപനങ്ങൾ

കെട്ടിപ്പടുക്കാം ഊർജ്ജകാര്യക്ഷമമായ കേരളം

പകരാം പുതുവർഷ നന്മകൾ

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്

ജനുവരി 2017

ഉള്ളടക്കം

5 **എഡിറ്ററുടെ പേജ്**

6 **പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം 1000 സ്കൂളുകൾ മികവിന്റെ സ്ഥാപനങ്ങൾ**
പ്രൊഫ. സി. രവീന്ദ്രനാഥ്

9 **കേരള മോഡൽ രോഗീസൗഹൃദ ആശുപത്രികൾ ആർദ്രം പദ്ധതിയിലൂടെ**
കെ.കെ. ശൈലജ ടീച്ചർ

12 **കെട്ടിപ്പടുക്കാം ഊർജ്ജകാര്യക്ഷമമായ കേരളം**
എം.എം. മണി

13 **ഊർജ്ജസംരക്ഷണം - പാരമ്പര്യേതര മാർഗ്ഗം കൂടുതൽ ലാഭകരമാക്കുന്നതിനുള്ള ആദ്യപടി**
കെ.എം. ധരേശൻ ഉണ്ണിത്താൻ

17 **ചെറുകിട ജലവൈദ്യുത പദ്ധതി പഞ്ചായത്തുകൾക്ക് എങ്ങനെ നടപ്പിലാക്കാം**
ജി. അനിൽ

21 **പഞ്ചായത്തുകൾക്കും വൈദ്യുതി ഉല്പാദകരാകാം - മാങ്കുളം മാതൃക**
ബീന. ടി.എ.

23 **മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി ഒരു ജില്ലാ പഞ്ചായത്ത് കാൽവെയ്പ്**
ഇ. സി. പത്മരാജൻ

25 **ഊർജ്ജലാഭത്തിന് എൽ.ഇ.ഡി. തെരുവുവിളക്കുകൾ**
ജോൺസൺ ഡാനിയേൽ

27 **സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ച വരൾച്ചാപ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ**
ഡോ. ശേഖർ എൽ. കുര്യാക്കോസ്

31 **ഓർമ്മയിൽ ബൽവന്ത്റായ്മേത്ത**
ജി.ഹരികൃഷ്ണൻ

33 **പേപ്പർരഹിതമാക്കാം പഞ്ചായത്തുകൾ**
ടി.ഷാഹുൽഹമീദ്

35 **വയോജനസമൂഹം നാടിന്റെ അമൂല്യസമ്പത്ത്**
എസ്. ഷാജി

38 **പങ്കാളിത്തപദ്ധതി രൂപീകരണം മാരാരിക്കുളം മാതൃക**
പ്രസാദ് കാവീട്ടിൽ

40 **വാഴൂരിന്റെ നാട്ടുചന്ത**
എം.ജെ.അലക്സ് റോയ്

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ കൂടിയ സമ്പൂർണ്ണ പാർപ്പിട ദൗത്യം (ലൈഫ്) അവലോകന യോഗം. മന്ത്രിമാരായ കെ.ടി. ജലീൽ, എ.കെ. ബാലൻ, ഇ. ചന്ദ്രശേഖരൻ, ജെ. മേഴ്സിക്കുട്ടിയമ്മ എന്നിവർ സമീപം

സമ്പൂർണ്ണ ഭവനനിർമ്മാണ ദൗത്യം (ലൈഫ്) മുൻഗണനാക്രമത്തിൽ നടപ്പാക്കും: മുഖ്യമന്ത്രി

മാനസികവെല്ലുവിളി നേരിടുന്നവർ, അന്ധർ, ശാരീരികതളർച്ച ബാധിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതരരോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ എന്നീ ഗണത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് മുൻഗണന നൽകി സർക്കാരിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (ലൈഫ്) നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന പദ്ധതി അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീടു നിർമ്മിച്ചുനൽകുന്നതാണ് ലൈഫ് പദ്ധതി. ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർക്കും പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടം മേഖലയിലോ താത്കാലിക ഭവനമുള്ളവർക്കും പദ്ധതിയുടെ ഗുണഭോക്താക്കളാവാം. തദ്ദേശഭരണ സ്ഥാപന പരിധിയിലെ കുടുംബശ്രീ പ്രവർത്തകർ മുഖേന സർവ്വേ നടത്തി വാർഡ് അടിസ്ഥാനത്തിൽ തരംതിരിച്ച് പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിച്ച ശേഷമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക. അർഹതയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കും.

അഞ്ച് വർഷത്തിനുള്ളിൽ 435000 വീടുകൾ നിർമ്മിച്ചുനൽകുന്നതിന് 16,700 കോടി രൂപ ആവശ്യമായി വരും. ഇതിൽ 8000 കോടി രൂപ അഞ്ചുവർഷം കൊണ്ട് സമാഹരിക്കാവുന്നതാണ്. അധികമായി വരുന്ന 8,700 കോടി രൂപ മിഷൻ കണ്ടെത്തേണ്ടിവരും. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ വിസ്തീർണം അറുനൂറ് സ്ക്വയർഫീറ്റിൽ അധികരിക്കരുത്. പൊതു വിഭാഗക്കാർക്ക് മൂന്നുലക്ഷം രൂപയും പട്ടികജാതിക്കാർക്ക് മൂന്നരലക്ഷം രൂപയുമാണ് നിലവിൽ ധനസഹായത്തുക. പട്ടികവർഗ്ഗക്കാർക്ക് ജില്ലാ സമിതി അനുയോജ്യമായ നിരക്ക് നിശ്ചയിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചുവരുന്ന തുക നിർമ്മാണം പൂർത്തിയാക്കാൻ അപര്യാപ്തമാണെന്നും ഈ തുക കാലാനുസൃതമായി ഉയർത്തണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു.

ഭൂരഹിത ഭവനരഹിതരായ 1.58 ലക്ഷം പേരാണുള്ളത്. ആകാവുന്നത്ര കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ഇവരെ പുനരധിവസിപ്പിക്കും. ആദ്യഘട്ടത്തിൽ ആറു സ്ഥലങ്ങളിൽ അറുനൂറുപേർക്ക് ഭവനസമുച്ചയം നിർമ്മിച്ചു നൽകും. പാർപ്പിടസമുച്ചയത്തിലേക്ക് മാറ്റുന്നവരുടെ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും മികച്ച വരുമാനം ലഭ്യമാകുന്ന തൊഴിൽ ഉറപ്പാക്കും. കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും വിനോദത്തിനും ആരോഗ്യ പരിപാലനത്തിനും ആവശ്യമായ സൗകര്യങ്ങൾ ഈ സമുച്ചയങ്ങൾക്കു സമീപം ഉറപ്പാക്കും. പദ്ധതിക്ക് ആവശ്യമായ ഭൂമി കണ്ടെത്താനുള്ള ചുമതല അതത് ജില്ലാ കളക്ടർമാർക്കാണ്. ഫെബ്രുവരി പതിനഞ്ചിനകം ഇതു സംബന്ധമായ സർവ്വേ നടപടികൾ പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ, പട്ടികജാതി പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി എ.കെ. ബാലൻ, റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ, ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ, ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2017 | പുസ്തകം 56 | ലക്കം 10 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

ഡോ. കെ. അമ്പാടി ഐ.ഐ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി. ബാല കിരൺ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി. ബാല കിരൺ ഐ.എ.എസ്.
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
Aadhi Graphics
(mayasanthoshm@gmail.com)

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

മേൽവിലാസം
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

ശുഭപ്രതീക്ഷകളോടെ 2017

2017 തളിരിട്ട് തുടങ്ങുന്ന ധന്യവേളയിൽ പഞ്ചായത്ത് വകുപ്പിനേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉന്മേഷനിർഭരമാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നാമ്പിടുകയാണ്.

രണ്ടു മാസത്തിനപ്പുറം പതിമൂന്നാം പഞ്ചവത്സരപദ്ധതി (2017-22) സമാരംഭിക്കുന്നു. ഒപ്പം 2017-18 വാർഷികപദ്ധതിയും. അതിന്റെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ആസൂത്രണസമിതിയും വർക്കിംഗ്ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. പഞ്ചായത്തുകൾ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും ഈ മാസം 16ന് മുമ്പ് രൂപീകരിക്കുകയും വികസനരേഖ 31നകം തയ്യാറാക്കുകയും വേണം.

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ ചരിത്രത്തിൽ ആദ്യത്തേതും നൂതനവുമായ സംവിധാനത്തിന്റെ ആവിഷ്ക്കരണമാണ് പ്രാദേശിക പ്രാധാന്യത്തോടെയും പ്രാതിനിധ്യത്തോടെയും ഓരോ പഞ്ചായത്തും രൂപം കൊടുക്കേണ്ട ആസൂത്രണസമിതി. നാടിന്റെ വികസനപ്രക്രിയയിൽ ക്രിയാത്മകമായി ഇടപെടുന്ന ഒരു പൗരസമൂഹത്തെ സൃഷ്ടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുകയാണ് ആസൂത്രണസമിതിയുടെ ചുമതല.

2016-17ലെ പദ്ധതിപ്രവർത്തനം അവസാനപാദത്തിലെത്തിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശരാശരി ചെലവ് 22.7 ശതമാനമാണ്. അവയിൽ ഗ്രാമപഞ്ചായത്തുകൾ 24.7 ശതമാനം ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ച് പദ്ധതിപണം പരമാവധി വിനിയോഗിക്കുവാൻ തദ്ദേശസ്ഥാപനങ്ങൾ വളരെ ശ്രദ്ധിക്കണം.

ഏറ്റവും താഴെത്തട്ടിലുള്ള ബഹുജനങ്ങളുടെ നിത്യാശ്രയകേന്ദ്രമായ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഭരണനിർവ്വഹണ പ്രക്രിയയിൽ താക്കോൽ സ്ഥാനം വഹിക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക വളരെ നാളുകളായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. നീണ്ട 18 മാസങ്ങളായി നിയമത്തിന്റെ സങ്കീർണ്ണമായ അഴിയാക്കുരുക്കുകളിൽ പെട്ടുകിടന്ന സെക്രട്ടറി സ്ഥാനത്തേക്കുള്ള പ്രൊമോഷൻ, വളരെ ഭംഗിയായി ലളിതവും ന്യായയുക്തവുമായ നടപടിക്രമങ്ങളിലൂടെ സുസാധ്യമാക്കി. 207 പേർക്കാണ് പുതുതായി സെക്രട്ടറി സ്ഥാനത്തേക്ക് പ്രൊമോഷൻ ലഭിച്ചിരിക്കുന്നത്. അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്-201 പേർ, ഹെഡ് ക്ലാർക്ക്-217, അക്കൗണ്ടന്റ് -179 എന്നിങ്ങനെ ഈ പ്രവാഹം തുടരുന്നു.

ഗുണപരമായ ആധുനികവത്ക്കരണം അനിവാര്യമായൊരു ലോകത്താണ് നാം ജീവിക്കുന്നത്. ഇത് എല്ലാ ഓഫീസ് സംവിധാനങ്ങളിലും നവത സൃഷ്ടിക്കാനുതകണം. പഞ്ചായത്ത് വകുപ്പിന് ഓഫീസ് നവീകരണത്തിന് ആറ് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരിക്കുന്നു എന്ന ശുഭവാർത്ത സന്തോഷദായകമാണ്. സമഗ്രമായ കമ്പ്യൂട്ടർവത്കരണത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും ഊന്നൽ നൽകി വകുപ്പുതല ഓഫീസുകൾക്ക് പുതിയൊരു മുഖം നൽകുന്നതിന് പ്രാരംഭപ്രവർത്തനങ്ങളായിട്ടുണ്ട്.

ഇനിയുമുണ്ട് ഈ വർഷാരംഭത്തിലെ വിശേഷങ്ങൾ. 700 ഗ്രാമപഞ്ചായത്തുകൾ മികവിന്റെ അടയാളമായ ISO മുദ്ര തങ്ങളുടെ പ്രവർത്തനപതാകയിൽ ചാർത്തുവാനുള്ള തയ്യാറെടുപ്പിലാണ്. ഇതിനായുള്ള ഇ-ടെൻഡറിംഗ് ആരംഭിച്ചുകഴിഞ്ഞു.

ഓഫീസ് ജോലികൾ സങ്കീർണ്ണമുക്തവും ലാളിത്യമാർന്നതുമാക്കി സേവനങ്ങൾ ബഹുജനങ്ങളിലെത്തിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ നൂതനാവിഷ്ക്കാരങ്ങൾ ഓരോ ഓഫീസിലും പ്രയോഗത്തിലെത്തിക്കണം. പഞ്ചായത്ത് ഡയറക്ടറേറ്റിലും 14 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും 'ഇഓഫീസ്' നടപ്പിലാക്കിവരുന്നു. വരുംനാളുകളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിന് തുടർച്ചയുണ്ടാകും. പ്രതിജ്ഞാബദ്ധവും ജനഹിതകരവുമായ പ്രവർത്തനങ്ങളിലൂടെ 'പഞ്ചായത്തുകൾ എല്ലാവർക്കും വേണ്ടി' എന്ന യാഥാർത്ഥ്യത്തെ നമുക്ക് കൂടുതൽ സഫലമാക്കാം.

പി. ബാല കിരൺ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസവകുപ്പ് മന്ത്രി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

1000 സ്കൂളുകൾ മികവിന്റെ സ്ഥാപനങ്ങൾ

കേരളത്തിന്റെ തനതായ വിദ്യാഭ്യാസ രീതിയാണ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം. നവോത്ഥാനത്തെ തുടർന്ന് ഭൂപരിഷ്കരണവും വിദ്യാഭ്യാസ ബില്ലും നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമായത്. അതുകൊണ്ടുതന്നെ ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് കേരളം സാമൂഹിക വികസനത്തിൽ പ്രസിദ്ധമായി. അങ്ങനെയാണ് അനന്യമായ കേരളവികസനമാതൃക വളർന്നുവന്നത്. പക്ഷേ, നവലിബറൽ നയങ്ങളുടെ വരവിനെത്തുടർന്ന് മേൽപ്പറഞ്ഞ

മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വേണ്ടി സംസ്ഥാന സർക്കാർ ആരംഭിക്കുന്ന ബഹുജനപരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കേരളത്തിലെ മുഴുവൻ ജനങ്ങളും പങ്കെടുത്തുകൊണ്ട് മറ്റൊരു നവോത്ഥാനത്തിന്റെ കളമൊരുക്കുവാൻ ഈ പരിപാടിയിലൂടെ കഴിയേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ചും ചരിത്രത്തോട് നീതിപുലർത്തിയും മാറ്റിയെടുക്കേണ്ട ചുമതല കക്ഷിരാഷ്ട്രീയത്തിനപ്പുറമായി എല്ലാവർക്കുമുണ്ട് എന്ന തിരിച്ചറിവാണ് ഈ യജ്ഞത്തിന്റെ വിജയത്തിനാധാരം.

തനത് വിദ്യാഭ്യാസ സങ്കല്പത്തിൽ കച്ചവടവൽക്കരണവും വർഗ്ഗീയവൽക്കരണവും കടന്നുകയറി. തൽഫലമായി പൊതുവിദ്യാഭ്യാസത്തിന് മങ്ങലേൽക്കുവാനും സാമൂഹ്യരംഗത്ത് ചില അപ്രതീക്ഷിതപ്രശ്നങ്ങൾ ഉയർന്നുവരുവാനും അവസരമുണ്ടായി. പല മേഖലകളിലും കേരളം പിറകോട്ട് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഗതകാലപ്രതാപം വീണ്ടെടുക്കുവാൻ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ച് ശക്തിപ്പെടുത്തണം. വരുംതലമുറയ്ക്ക് നൽകുവാനുള്ള ഏറ്റവും വലിയ സംഭാവനയായിരിക്കും അത്. അതുകൊണ്ടുതന്നെ മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വേണ്ടി സംസ്ഥാന സർക്കാർ ആരംഭിക്കുന്ന ബഹുജന പരിപാടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കേരളത്തിലെ മുഴുവൻ ജനങ്ങളും പങ്കെടുത്തുകൊണ്ട് മറ്റൊരു നവോത്ഥാനത്തിന്റെ കളമൊരുക്കുവാൻ ഈ പരിപാടിയിലൂടെ കഴിയേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ചും ചരിത്രത്തോട് നീതിപുലർത്തിയും മാറ്റിയെടുക്കേണ്ട ചുമതല കക്ഷിരാഷ്ട്രീയത്തിനപ്പുറമായി എല്ലാവർക്കുമുണ്ട് എന്ന തിരിച്ചറിവാണ് ഈ യജ്ഞത്തിന്റെ വിജയത്തിനാധാരം. ഈ സഹകരണം ഉണ്ടാകണമെന്നാണ് സർക്കാരിന്റെ അഭ്യർത്ഥന. സുസ്ഥിരമായൊരു വിദ്യാഭ്യാസശൈലിക്ക് കേരളം കാതോർക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് വിവിധ ഭാഗങ്ങളുണ്ട്. 1) ഭൗതികമായ മാറ്റങ്ങൾ 2) അക്കാദമികമായ മാറ്റങ്ങൾ 3) ഭരണപരമായ മാറ്റങ്ങൾ 4) സാംസ്കാരികമായ മാറ്റങ്ങൾ. ഈ മാറ്റങ്ങൾക്കു വേണ്ടി ബജറ്റിൽ

രണ്ടായിരം കോടി രൂപയിലധികം മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. കേരള ചരിത്രത്തിൽ വിദ്യാഭ്യാസത്തിന് ഇത്രയുമധികം തുക മാറ്റിവയ്ക്കുന്നത് ആദ്യമായിട്ടാണ്.

ജനകീയ സമിതികൾ

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂട്ടായ ശ്രമം തന്നെ ആവശ്യമാണ്. ഇതിനുവേണ്ടി ഓരോ സ്കൂളിലും മൂന്ന് തരത്തിലുള്ള കമ്മിറ്റികൾ ഉണ്ടാകണം. 1) പിടിഎ – പിടിഎ ജനറൽ ബോഡി ചേർന്നുകൊണ്ടുവേണം പ്രവർത്തനം ആരംഭിക്കുവാൻ. ഈ സമിതിയിൽ വച്ച് മറ്റ് രണ്ട് കമ്മിറ്റികൾ കൂടി തീരുമാനിക്കണം. ഒന്ന് – പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ. ആ സ്കൂളിലെ മുഴുവൻ പൂർവ്വ വിദ്യാർത്ഥികളേയും അറിയിച്ചുകൊണ്ട് OSA വിപുലീകരിക്കണം. രണ്ട് – ആ വിദ്യാലയത്തിനു ചുറ്റുമുള്ള സഹകരണ സ്ഥാപനങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, വ്യവസായ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തമുള്ള വിദ്യാലയ സംരക്ഷണ സമിതി.

ഈ മൂന്നു സമിതികളുടേയും ആഭിമുഖ്യത്തിൽ കേരള സംസ്ഥാന, തദ്ദേശഭരണകൂടങ്ങളുടേയും എം.എൽ.എ, എം.പിമാരുടേയും അഭ്യുദയകാംക്ഷികളുടേയും സഹായത്തോടെ വിദ്യാലയം ഏറ്റവും ആകർഷണീയമാക്കുക എന്നതാണ് യജ്ഞത്തിന്റെ ആദ്യ ഘട്ടം.

> **വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണ് എന്നും വിദ്യാഭ്യാസത്തിന്റെ നിർവചനം മനുഷ്യനെ മനുഷ്യനാക്കിമാറ്റുക എന്നതാണെന്നും സമൂഹത്തിനെ മൊത്തം ബോധ്യപ്പെടുത്തുന്ന ബഹുജനബോധവത്ക്കരണ മഹായജ്ഞമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.**

ആദ്യമായി ചെയ്യേണ്ടത് എന്താണ്?

സ്കൂളിന്റെ നിലവിലെ അവസ്ഥ രേഖപ്പെടുത്തുകയും ജൈവ-വൈവിദ്ധ്യ രജിസ്റ്റർ ഉണ്ടാക്കുകയും വേണം. ഇത് മാസ്റ്റർപ്ലാൻ രൂപീകരിക്കുവാനുള്ള തുടക്കമാണ്. ഈ അടിസ്ഥാനവിവരവും ചിത്രവും സഹിതം ജനകീയ സമിതികൾ ചേർന്ന് വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് രൂപരേഖ – മാസ്റ്റർപ്ലാൻ തയ്യാറാക്കുക. ഈ പ്ലാൻ ഘട്ടങ്ങളായി തിരിക്കുക. ഓരോ ഘട്ടത്തിനും ആവശ്യമായി വരുന്ന തുക എത്രയെന്ന് കണ്ടെത്തുക. ഘട്ടങ്ങളായി തിരിക്കുമ്പോൾ മുൻഗണന നൽകേണ്ടത് 1) ടോയ്‌ലറ്റുകൾ 2) കുടിവെള്ളം 3) നല്ല ക്ലാസ്സ് മുറികൾ 4) മറ്റാവശ്യങ്ങൾ. മേൽ വിവരിച്ചതു പോലെ തയ്യാറാക്കിയ പ്ലാനുകൾക്കാവശ്യമായ തുക വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് കണ്ടെത്തുക. ടോയ്‌ലറ്റുകളും കുടിവെള്ളവും സ്പോൺസർഷിപ്പ് വഴി കണ്ടെത്തുവാൻ ശ്രമിക്കാം. ഇതിലൂടെ ഒരു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും നല്ല ടോയ്‌ലറ്റുകളും ശുദ്ധജല ലഭ്യതയും ഉണ്ടായി എന്ന് പ്രഖ്യാപിക്കുവാൻ കഴിയണം

ആദ്യവർഷം ഒരു മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി മികവിന്റെ സ്ഥാപനങ്ങളാക്കുവാൻ വേണ്ടി 250 കോടി രൂപ ബജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. എം.എൽ.എ, എം.പി. തദ്ദേശസ്ഥാപനങ്ങൾ, സ്പോൺസർഷിപ്പുകൾ എന്നിവ കൂടി പ്രയോജനപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാം.

ഈ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് പഞ്ചായത്ത്, മണ്ഡലം, ജില്ലാതലത്തിൽ ജനകീയ സമിതികൾ ഉണ്ടാക്കണം. പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനായും മണ്ഡലം തലത്തിൽ

ശേഷം 16-ാം പേജിൽ

കെ.കെ. ശൈലജ ടീച്ചർ
ആരോഗ്യവകുപ്പു മന്ത്രി

കേരള മോഡൽ രോഗീസൗഹൃദ ആശുപത്രികൾ ആർദ്രം പദ്ധതിയിലൂടെ

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും രോഗീ – സൗഹൃദ പരിചരണം സാധ്യമാക്കി ഒ പി സേവനം കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി രോഗികൾക്ക് ആശുപത്രികളിൽ ഒരു പുതിയ അനുഭവം നൽകുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ ആരംഭിക്കുന്ന പുതിയ പദ്ധതിയാണ് 'ആർദ്രം'. ആശുപത്രികളിൽ നൽകുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രഥമലക്ഷ്യം.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ആരോഗ്യസൂചകങ്ങൾ വർദ്ധിച്ചുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിനായി സ്വാതന്ത്ര്യത്തിന് മുൻപും പിൻപും ഉള്ള ഭരണ സംവിധാനങ്ങൾ വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്. സംസ്ഥാനം പുതിയതരം പകർച്ചവ്യാധികളുടെയും അതോടൊപ്പം വിവിധതരം ജീവിതശൈലീ രോഗങ്ങളുടെയും പിടിയിൽ അമരുന്ന ഇക്കാലത്ത് ഇത്തരത്തിലുള്ള ഇടപെടലുകളുടെ പ്രാധാന്യം വളരെ വലുതാണ്. എന്നാൽ കഴിഞ്ഞ കുറച്ചു കാലമായി പൊതുജനാരോഗ്യമേഖലയിലേക്കുള്ള ശക്തമായ ഇടപെടലിന്റെ അഭാവം ഈ രംഗത്ത് മുരടിപ്പിന് ഇടയാക്കിയിട്ടുണ്ട്. ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി പ്രാഥമിക ആരോഗ്യമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനപരിപാടിക്ക് വലിയതോതിലുള്ള ഒരു ചുവടുമാറ്റം അത്യാവശ്യമാണ്.

ഇന്ന് കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങൾ സബ്സെന്ററുകളിൽ തുടങ്ങി മെഡിക്കൽ കോളേജുകളിൽ അവസാനിക്കുന്ന ശൃംഖലാ സംവിധാനമാണ്. അലോപ്പതി, ആയുഷ്, ഹോമിയോ വകുപ്പുകളിലായി കേരളത്തിൽ വ്യാപിച്ചുകിടക്കുന്ന ആശുപത്രി സംവിധാനം പ്രയോജനപ്പെടുത്തിയാണ് ആരോഗ്യവകുപ്പ് മുന്നോട്ടുപോകുന്നത്.

തൃതീയ പരിചരണം ലഭ്യമാക്കുന്ന മെഡിക്കൽ കോളേജുകൾ വഴിയും റീജിയണൽ ക്യാൻസർ സെന്ററുകൾ വഴിയും ഉന്നത നിലവാരമുള്ള ചികിത്സാസംവിധാനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും താ

ങ്ങാവുന്നതിൽ അധികം രോഗികൾ എത്തുന്നതും കുറച്ചുപേരെങ്കിലും താഴെതലത്തിലുള്ള ചികിത്സാ സാധ്യതകൾ ഉപയോഗിക്കാതെ നേരിട്ട് ഇവിടങ്ങളിലേക്ക് എത്തുന്നതും പ്രസ്തുത ആശുപത്രി സംവിധാനങ്ങളുടെ തിരക്ക് വർദ്ധിപ്പിക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇതിനുള്ള പരിഹാരമാർഗ്ഗമാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നത്. തീവ്രമായ രോഗാവസ്ഥകൾ ഇല്ലെങ്കിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആദ്യചികിത്സ നടത്തിയതിനുശേഷം ആവശ്യമെങ്കിൽ മാത്രം റഫർ ചെയ്താൽ ഇത്തരം സ്ഥാപനങ്ങളിലെ തിരക്ക് കുറയ്ക്കുവാൻ വലിയൊരളവ് വരെ സാധിക്കും . ഈ സംവിധാനം സുഗമമാക്കാൻ ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് എന്ന നൂതന സംവിധാനം ഉപകരിക്കും. രോഗി റഫർ ചെയ്യപ്പെടുമ്പോൾ തന്നെ റഫർ ചെയ്യപ്പെടുന്ന ആശുപത്രിയിലേക്ക് വിവരങ്ങൾ ഇലക്ട്രോണിക് ഹെൽത്ത് സംവിധാനത്തിലൂടെ കൈമാറേണ്ടതുണ്ട്. മാത്രവുമല്ല ഈ ഇലക്ട്രോണിക് സംവിധാനം ചികിത്സയ്ക്ക് എത്തുന്നവർക്ക് അപ്പോയ്ൻമന്റ് എടുക്കുവാനും അതുവഴി തിരക്ക് ഒഴിവാക്കുവാനും സഹായകരമാകും. രോഗപ്രതിരോധത്തിന് ഊന്നൽ നൽകുന്ന ചികിത്സാരീതിയാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഉണ്ടാകേണ്ടത്.

സാധാരണഗതിയിൽ സർക്കാർ ആശുപത്രികളിൽ ചികിത്സതേടിയെത്തുന്ന രോഗികൾക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങളെ പരമാവധി ഒഴിവാക്കുന്ന തരത്തിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഒരു രോഗി ആശുപത്രിയിലെത്തി രജിസ്റ്റർ ചെയ്യുന്നതു മുതൽ ഡോക്ടറെക്കണ്ട് ടെസ്റ്റുകൾ നടത്തി മരുന്ന് വാങ്ങുന്നതു വരെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് സൗഹൃദപരമായ ഒരു സമീപനം ആശുപത്രിയിൽ നിന്നും ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഈ ഒരു അടിസ്ഥാന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് കേരള വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനസർക്കാർ ആർദ്രം എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും രോഗി–സൗഹൃദ പരിചരണം സാധ്യമാക്കി ഒപി സേവനം കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തി രോഗികൾക്ക് ആശുപത്രികളിൽ ഒരു പുതിയ അനുഭവം നൽകുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ ആരംഭിക്കുന്ന പുതിയ പദ്ധതിയാണ് 'ആർദ്രം'. ആശുപത്രികളിൽ നൽകുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രഥമലക്ഷ്യം. സാധാരണഗതിയിൽ സർക്കാർ ആശുപത്രികളിൽ ചികിത്സതേടിയെത്തുന്ന രോഗികൾക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങളെ പരമാവധി ഒഴിവാക്കുന്ന തരത്തിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഒരു രോഗി ആശുപത്രിയിലെത്തി രജിസ്റ്റർ ചെയ്യുന്നതു മുതൽ ഡോക്ടറെക്കണ്ട് ടെസ്റ്റുകൾ നടത്തി മരുന്ന് വാങ്ങുന്നതു വരെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് സൗഹൃദപരമായ ഒരു സമീപനം ആശുപത്രിയിൽ നിന്നും ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ആശുപത്രി വഴി ലഭിക്കേണ്ട സേവനങ്ങൾ എല്ലാം തന്നെ ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്ന ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

അടുത്ത ഒരു വർഷത്തിനകം എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ജനസൗഹൃദ ആശുപത്രി സംവിധാനത്തിന്റെ ഭാഗമായി വെബ്സൈറ്റ് വഴിയുള്ള അപ്പോയിൻമെന്റ്, രോഗികളെ സ്വീകരിക്കാനും രജിസ്റ്റർ ചെയ്യാനുമുള്ള സൗകര്യങ്ങൾ, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡ്, രോഗികൾക്ക് ഇരിപ്പിട സൗകര്യം, സൈൻ ബോർഡുകൾ, രോഗികളെ പരിശോധിക്കുമ്പോഴും ചികിത്സിക്കുമ്പോഴും സ്വകാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ക്യാബിനുകൾ എന്നിവ സ്ഥാപിക്കുന്നതിനും കൂടാതെ സാധാരണയായി കണ്ടുവരാറുള്ള രോഗങ്ങളുടെ ചികിത്സാരീതികൾ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പ്രദർശിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതിയുടെ ഭാഗമായി എല്ലാ ആശുപത്രികളിലും ഒരു കോർ ഇൻസ്റ്റിറ്റ്യൂഷൻ ടീം രൂപീകരിക്കുകയും അവരുടെ സഹായത്തോടെ ആശുപത്രിക്കാവശ്യമായ സൗകര്യം വർദ്ധിപ്പിക്കാനും ന്യൂനതകൾ പരിഹരിക്കാനുമുള്ള പ്രോജക്ട് തയ്യാറാക്കുന്നതാണ്. ഇതിന്റെ ഭാഗമായി എമർജൻസി, ഔട്ട്പേഷ്യന്റ്, ഇൻപേഷ്യന്റ്, ലേബർറൂം, മൈനർ ആന്റ് മേജർ ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി, എക്സറേ, അൾട്രാസൗണ്ട് സ്കാൻ, മറ്റ് പരിശോധനകൾ, ഫാർമസി മുതലായ സേവനങ്ങൾ വിപുലീകരിക്കും.

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പിഎച്ച്സി, താലൂക്ക്, ജില്ലാ ആശുപത്രി എന്നീ തലങ്ങളിൽ ആയിരിക്കും പ്രഥമ പരിഗണന നൽകുന്നത് തെരഞ്ഞെടുക്കപ്പെട്ട ഓരോ ആശുപത്രികളിൽ ജനറൽ മെഡിസിൻ, മെഡിസിൻ,ഗൈനക്കോളജി, സർജറി, ശിശുരോഗവിഭാഗം, സൈക്യാട്രി, ഫിസിക്കൽ മെഡിസിൻ എന്നീ യൂണിറ്റുകൾ ഉണ്ടായിരിക്കും. മാത്രമല്ല, താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും 3 സ്റ്റേജുകളിലും ഉള്ള ലേബർ മുറികളും ന്യൂബോൺ സ്റ്റെബിലൈസേഷൻ മുറികളും ലഭ്യമാക്കും. ഹെമറ്റോളജി, ബയോകെമിസ്ട്രി, സെറോളജി എന്നീ പരിശോധനാ സംവിധാനങ്ങളും ഉറപ്പുവരുത്തും.

ആശുപത്രിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി എല്ലാ പ്രധാനപ്പെട്ട രോഗങ്ങൾക്കും ട്രീറ്റ്മെന്റ് പ്രോട്ടോകോളുകൾ തയ്യാറാക്കുന്നതിനും ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും ആശുപത്രിയിലെ അണുബാധ നിയന്ത്രിക്കുന്നതിനും ആവശ്യമായ സംവിധാനവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കേരള സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും ആരോഗ്യവകുപ്പ് മന്ത്രി കോ ചെയർപേഴ്സണും സെക്രട്ടറി സി.ഇ.ഒ യും ആയ സമിതിയാണ് ഈ ദൗത്യം നടപ്പിലാക്കുന്നത്. ആരോഗ്യരംഗത്ത് കാതലായ മാറ്റങ്ങൾ വരുത്താനുദ്ദേശിച്ചിട്ടുള്ള ഈ ദൗത്യത്തിന് സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ വലിയ തോതിലുള്ള മുന്നൊരുക്ക സംവിധാനങ്ങൾ ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടേയും സഹകരണവും ആവശ്യമാണ്. ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലെ വിദഗ്ധരെ കൂടാതെ വ്യക്തികളെന്ന നിലയിലുള്ള കൺസൾട്ടന്റുമാരുടെയും വിവിധ അക്കാദമിക് സ്ഥാപനങ്ങളുടെയും സ്വകാര്യമേഖലയിലുള്ളവരുടെയും സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുള്ള വിദഗ്ധരുടെയും സേവനങ്ങളും പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനസർക്കാർ തലത്തിൽ ലഭ്യമായ സംസ്ഥാന പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്, KIIFB (സംരംഭത്തിന്റെ വികസനത്തിനായി നിർദ്ദേശിച്ച പുതിയ പദ്ധതി) ഭാരത സർക്കാരിന്റെ പദ്ധതികളായ ദേശീയ ആരോഗ്യ ദൗത്യം, തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി എന്നിവയുടെ ഏകോപനത്തോടെ സംയോജിത മാസ്റ്റർപ്ലാനിലൂടെയാണ് പദ്ധതിയുടെ നിർവ്വഹണം സാധ്യമാക്കുക.

കവർസ്റ്റോറി

എം.എം. മണി
വൈദ്യുതിവകുപ്പു മന്ത്രി

കെട്ടിപ്പടുക്കാം ഊർജ്ജകാര്യക്ഷമമായ കേരളം

വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വേണ്ടുന്ന അളവിലും ഗുണമേന്മയിലുമുള്ള ഊർജ്ജ ലഭ്യത. ഇത് ഉറപ്പുവരുത്തുന്നതിന് സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. 2017-ഓടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണമാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

എല്ലാവർക്കും ദിവസം മുഴുവൻ വൈദ്യുതി ലഭ്യമാവുമ്പോൾ അവയുടെ ഉപയോഗത്തിലെ കാര്യക്ഷമത കൂടി നാം ചിന്തിക്കേണ്ടതുണ്ട്. ഉല്പാദന -പ്രസരണ -വിതരണ സംവിധാനങ്ങളിലെ സ്വാഭാവികവും അല്ലാതെയുമുള്ള നഷ്ടവും മറ്റും കണക്കിലെടുക്കുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന് എത്തിക്കണമെങ്കിൽ ഒന്നര യൂണിറ്റോളം ഉല്പാദിപ്പിക്കേണ്ടതുണ്ട്. അതായത് ഉപഭോക്താവ് ഒരു യൂണിറ്റ് വൈദ്യുതി ലാഭിച്ചാൽ ഉല്പാദനത്തിലുണ്ടാവുന്ന നേട്ടം ഒന്നര യൂണിറ്റ് വരും.

വൈദ്യുതി വിതരണ സംവിധാനങ്ങൾ, വൈദ്യുതോപകരണങ്ങൾ, അവയുടെ ഉപയോഗം എന്നിവ കാര്യക്ഷമമാക്കിയാൽ നമുക്ക് നല്ലൊരളവ് വൈദ്യുതി ലാഭിക്കാം. ഇതിനായി എല്ലാ മേഖലയിലും നല്ല രീതിയിലുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വീടുകളിലെ വൈദ്യുതി ഉപയോഗം കൂടുന്നത് നമ്മുടെ പീക്ക് സമയങ്ങളിലെ വൈദ്യുതി ആവശ്യത്തെ കാര്യമായി ബാധിക്കുന്നതുകൊണ്ട് ഗാർഹിക മേഖലയിലെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഇതിന് പൊതുജനപങ്കാളിത്തത്തോടു കൂടിയ ഒരു സമീപനമാണ് ആവശ്യം. ഇതിനായി വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വായനശാലകൾ, സർക്കാരിതര സംഘടനകൾ എന്നിവയെല്ലാം രംഗത്തുണ്ട്.

നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് മുന്നോട്ടുവരേണ്ടതാണ്. ചുരുക്കം ചില പഞ്ചായത്തുകൾ മാത്രമേ ഊർജ്ജസംരക്ഷണ പദ്ധതികൾ അവരുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി കാണുന്നുള്ളു.

മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദനം, സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ, ചെറുകിട ജല വൈദ്യുതപദ്ധതികൾ, എൽ.ഇ.ഡി തെരുവു വിളക്കുകൾ, ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ എന്നിവയെല്ലാം ഗ്രാമസഭ മുതൽ ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങൾ തന്നെയാണ്.

ശുചിത്വം, ശുദ്ധജലം, സുരക്ഷിത ഭക്ഷണം എന്നിവയിലൂടെ ഒരു നവകേരളം സൃഷ്ടിച്ചെടുക്കാൻ നാം പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഓരോ ഗ്രാമപഞ്ചായത്തു ഊർജ്ജകാര്യക്ഷമമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ കൂടി തയ്യാറാക്കി ഊർജ്ജകാര്യക്ഷമമായൊരു കേരളം കെട്ടിപ്പടുക്കാൻ നമുക്ക് പ്രയത്നിക്കാം.

ഊർജ്ജസംരക്ഷണം

പാരമ്പര്യേതര മാർഗ്ഗം കൂടുതൽ ലാഭകരമാക്കുന്നതിനുള്ള ആദ്യ പടി

കെ.എം. ധരേശൻ ഉണ്ണിത്താൻ

വൈദ്യുതി നിരക്കുകൾ പുതുക്കുമോ എന്ന ചിന്തയിലാണ് നാം ഇപ്പോൾ. ഉപഭോക്താക്കൾ എങ്ങനെ വൈദ്യുതി ചാർജ് കുറയ്ക്കാം എന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയുമാണ്.

കേരളത്തിൽ ഗാർഹിക മേഖലയിൽ നഗരങ്ങളിൽ 25 ശതമാനവും ഗ്രാമ പ്രദേശങ്ങളിൽ 50 ശതമാനവും വരെയും വൈദ്യുതി ലാഭിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗാർഹിക മേഖലയിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന 6 മുതൽ 11 മണി വരെ നാം ചെയ്യുന്ന ചെറിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾകൊണ്ട് കെ എസ് ഇ ബിക്ക് 12 മുതൽ 18 രൂപ വരെയുള്ള നിരക്കിൽ വൈദ്യുതി വാങ്ങുന്നത് കുറയ്ക്കുവാനും ഊർജ്ജനഷ്ടം ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കും. കൂടാതെ ഈ സമയത്ത് നാം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 90% ഫോസിൽ ഇന്ധന അധിഷ്ഠിതമായ നിലയങ്ങളിൽ നിന്നാകയാൽ നാം 1 യൂണിറ്റ് ലാഭിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് 1 കിലോഗ്രാം കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിലേക്ക് കടക്കുന്നത് തടയാനും കഴിയുന്നു. ഇത് പ്രകൃതി സംരക്ഷണത്തിനും സഹായകമാവും .

വൈദ്യുതിയുടെ ഉപയോഗം ഗാർഹിക മേഖലയിൽ വളരെയധികം വർദ്ധിച്ചു വരുകയാണ്. വൈദ്യുതി വീടുകളിൽ ഉപയോഗിക്കാൻ തുടങ്ങിയ കാലത്ത് ഒന്നോ രണ്ടോ വിളക്കുകൾക്കുവേണ്ടി മാത്രമായിരുന്നു. ക്രമേണ ഫാൻ, റേഡിയോ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗത്തിൽ വന്നു. ഇപ്പോൾ ടെലിവിഷൻ, ഫ്രിഡ്ജ്, കമ്പ്യൂട്ടർ, പമ്പ്, മിക്സി, ഗ്രൈന്റർ തുടങ്ങി എത്രയെത്ര ഉപകരണങ്ങളാണ് നമ്മുടെ സുഖസൗകര്യങ്ങൾ

> ഇന്ന് പൊതുജനങ്ങൾ ഊർജ്ജക്ഷമതയെക്കുറിച്ച് ബോധവാന്മാരാണ്. കേരളത്തിൽ പല പഞ്ചായത്തുകളും സമ്പൂർണ്ണ ഊർജ്ജ കാര്യക്ഷമ ഗ്രാമങ്ങളായി മാറുന്നതിനുള്ള തയ്യാറെടുപ്പിലാണ്. പഞ്ചായത്തിന് കീഴിലുള്ള എല്ലാ കെട്ടിടങ്ങളും അത് ഓഫീസുകളോ വാണിജ്യസ്ഥാപനങ്ങളോ ഫാക്ടറികളോ സ്കൂളുകളോ വീടുകളോ ആകാം, ഇവിടെ എല്ലായിടത്തും ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ എത്തിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

വർദ്ധിപ്പിക്കാനായി ഉപയോഗിക്കുന്നത്. ഇവയ്ക്കെല്ലാം വൈദ്യുതി വേണം. വൈദ്യുതിയെ ആശ്രയിക്കാതെ നമുക്കു നിലനില്പ്പില്ലെന്നായിരിക്കുന്നു.

ഉല്പാദിപ്പിക്കുന്ന മൊത്തം വൈദ്യുതിയുടെ 49 ശതമാനവും വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥിതിയിൽ നാമെത്തിയിരിക്കുന്നു. നമ്മുടെ ഗാർഹികാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. കാരണം വീട്ടാവശ്യത്തിന് വൈദ്യുതി കൂടുതലായി വേണ്ടിവരുന്നത് വൈകിട്ട് 6 മുതൽ 10 മണി വരെയാണ്. ഈ നാലു മണിക്കൂർ ആവശ്യത്തിന് ഒരു ഉല്പാദന നിലയം പണിയുക ലാഭകരമാവുകയില്ല. വ്യാവസായിക വളർച്ചയുണ്ടായാൽ മാത്രമേ കൂടുതൽ ഉല്പാദന നിലയങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനാവൂ.

ഇന്നത്തെ സാഹചര്യത്തിൽ ലഭ്യമായ വൈദ്യുതി നമ്മുടെ വീട്ടാവശ്യത്തിന് കാര്യക്ഷമതയോടെ ഉപയോഗിക്കുകയാണെങ്കിൽ നാം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും സുഗമമായി തരണം ചെയ്യാനാവും എന്നതിൽ സംശയമില്ല. പക്ഷെ അതിനായി നാം ചില ചിട്ടകൾ കർശനമായി പാലിക്കാൻ തയ്യാറാവണം. ഈ ചിട്ടകളെയാണ് ഊർജ്ജസംരക്ഷണം കൊണ്ടു വിവക്ഷിക്കുന്നത്. നമ്മുടെ ആവശ്യങ്ങളെല്ലാം ഒഴിവാക്കി വൈദ്യുത ചെലവു കുറയ്ക്കുന്നത് ഒരിക്കലും ഊർജ്ജ സംരക്ഷണമാവില്ല. പിന്നെ എങ്ങനെ ഊർജ്ജ സംരക്ഷണം പ്രായോഗികമായി നടപ്പാക്കാൻ കഴിയും എന്നതിനെപ്പറ്റി അല്പം ചിന്തിക്കാം.

വൈദ്യുതി ഒരു ഊർജ്ജമാണെന്നുള്ളത് ഏവർക്കും അറിയാം. ഉത്പാദിപ്പിക്കുന്ന അതേ സമയത്തു തന്നെ ഉപയോഗിക്കണം എന്നുള്ളതും വൈദ്യുതിയുടെ ഒരു പ്രത്യേകതയാണ്. ആവശ്യമില്ലാത്ത സമയത്ത് കൂടുതൽ ഉത്പാദിപ്പിച്ചു ശേഖരിക്കാനും ക്ഷാമസമയത്ത് പുറത്തെടുക്കാനും കഴിയില്ലെന്നു സാരം. വീട്ടിലെ ആവശ്യത്തിന് വൈദ്യുതി 230 വോൾട്ടിലാണ് ലഭിക്കുന്നത്. നമ്മുടെ ഗാർഹിക വൈദ്യുതോപകരണങ്ങളെല്ലാം ഇതേ വോൾട്ടേജിൽ തന്നെ പ്രവർത്തിക്കാനായി രൂപകല്പന ചെയ്തിട്ടുള്ളതാണെന്നും ഓർക്കണം. ഒരേ സമയത്ത് വൈദ്യുതി ഉപകരണങ്ങളെല്ലാം എല്ലാ വീട്ടുകാരും ഒരുമിച്ച് ഉപയോഗിക്കുമ്പോൾ വൈദ്യുതി പ്രവഹിക്കുന്ന കമ്പികളിൽ വളരെ കൂടുതൽ വൈദ്യുതി പ്രവഹിക്കാനുള്ള സാഹചര്യം ഉണ്ടാവുകയും അത് വൈദ്യുതിയുടെ വോൾട്ടേജിനെ കുറയ്ക്കാനും ഇടയാക്കും. ഈ വോൾട്ടേജ് കുറവ് ഉപകരണത്തിന്റെ പ്രവർത്തനത്തെ ബാധിക്കും എന്നതും അറിയണം.

ഈ സാഹചര്യം സംജാതമാകുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ വൈകിട്ട് 6 മണി മുതൽ രാത്രി 10 മണിവരെയാണ്. റോഡിൽ കൂടുതൽ വാഹനങ്ങൾ സഞ്ചരിക്കുന്ന സമയത്തിനെ Peak Hours എന്നു പറയുന്നതുപോലെ തന്നെ വൈദ്യുതോപഭോഗം വർദ്ധിച്ചു നിൽക്കുന്ന സമയത്തിനെയും Peak Hours എന്നു പറയുന്നു. ജലമസ ഒീൗൃ െ ൽ ആണ് ഗാർഹിക മേഖലയിൽ വൈദ്യുതി കൂടുതൽ ചെലവാകുന്നത്. അപ്പോൾ അല്പം ചിട്ടകൾ പാലിച്ചാൽ വൈദ്യുതിയുടെ ഉപയോഗത്തിന്റെ അളവും കുറയ്ക്കാം. വോൾട്ടേജ് ക്ഷാമത്തിന്റെ ദോഷമില്ലാതെ ഉപകരണങ്ങൾ സുഗമമായി പ്രവർത്തിപ്പിക്കാനും കഴിയും.

ഇന്ന് പൊതുജനങ്ങൾ ഊർജ്ജക്ഷമതയെക്കുറിച്ച് ബോധവാന്മാരാണ്. കേരളത്തിൽ പല പഞ്ചായത്തുകളും സമ്പൂർണ്ണ ഊർജ്ജ കാര്യക്ഷമ ഗ്രാമങ്ങളായി മാറുന്നതിനുള്ള തയ്യാറെടുപ്പിലാണ്. പഞ്ചായത്തിന് കീഴിലുള്ള എല്ലാ കെട്ടിടങ്ങളും അത് ഓഫീസുകളോ, വാണിജ്യസ്ഥാപനങ്ങളോ, ഫാക്ടറികളോ സ്കൂളുകളോ വീടുകളോ ആകാം, ഇവിടെ എല്ലായിടത്തും ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ എത്തിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. കേരളത്തിൽ 10 പഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകൾ മുഖേന കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ വിലകുറച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആലോചനയിലുണ്ട്. വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിലുപരി അത് പഞ്ചായത്ത് തന്നെ കാര്യക്ഷമതയുള്ളതാക്കിയാൽ പ്രയോജനങ്ങൾ വളരെ കൂടുതലാണ്.

വൈദ്യുതി പ്രതിസന്ധിക്ക് പാരമ്പര്യേതര ഊർജ്ജം പരിഹാരമാകുമോ എന്നും നാം ചർച്ച ചെയ്യുന്നുണ്ട്. ഒരു പരിധിവരെ പരിഹാരമാകും. ഇതിനുള്ള ചില ന്യൂനതകളായി ചൂണ്ടിക്കാണിക്കപ്പെടുന്നത് കാറ്റ്, സൗരോർജ്ജം എന്നീ പദ്ധതികൾ നമുക്ക് ഷെഡ്യൂൾ ചെയ്യുവാൻ പറ്റില്ല എന്നതാണ്. അവയുടെ ലഭ്യത പലപ്പോഴും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. അതേസമയം ചെറുകിട ജലവൈദ്യുത പദ്ധതി, ബയോഎനർജി പദ്ധതി എന്നിവ നമുക്ക് ആവശ്യമുള്ളപ്പോൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നു.

കേരളത്തിന്റെ ഇപ്പോഴത്തെ കണക്കുകൾ അനുസരിച്ച് 2030 ആകുമ്പോഴേക്കും വൈദ്യുതി ഉല്പാദനം ഏകദേശം 30% പാരമ്പര്യേതര ഊർജ്ജസ്രോതസ്സിൽ നിന്നായാൽ നല്ലത് എന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഇന്ത്യയിൽ ഇന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 69% താപനിലയങ്ങളിൽ നിന്നുമാണ് ജലവൈദ്യുതി 14%, റിന്യൂവബിൾ എനർജി 15%, ന്യൂക്ലിയർ 2% ആണ്. തമിഴ്നാട്ടിലെ വൈദ്യുതി ഉല്പാദന സ്ഥാപിത ശേഷി അനുസരിച്ച് 50% താപനിലയങ്ങളിൽ

നിന്നുമാണ് 9% ജലവൈദ്യുതി, 37% റിന്യൂവബിൾ എനർജി, 4% ന്യൂക്ളിയർ ആണ്.

ഇന്ത്യയിൽ പാരമ്പര്യേതര ഊർജ്ജത്തിന് പ്രത്യേകിച്ച് സൗരോർജ്ജത്തിന് ഇത്രയധികം പ്രാധാന്യം വന്നത് കാലാവസ്ഥാ വ്യതിയാന ദേശീയ കർമ്മ പദ്ധതിയുടെ ഭാഗമായി ജവഹർലാൽ നെഹ്റു സൗരോർജ്ജ ദൗത്യം വന്നതിനുശേഷമാണ്. അതിന്റെ ഒപ്പം ചൈന വൻതോതിൽ സോളാർ പാനൽ നിർമ്മാണത്തിലേക്ക് കടന്നതും സോളാർ ഇത്രയധികം ജനപ്രിയമാക്കി. തുടർന്ന് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 175 GW റിന്യൂവബിൾ എനർജി പ്രോഗ്രാം, ഇതിൽ ഒരു ലക്ഷം മെഗാവാട്ട് സോളാറിൽ നിന്നും, 50,000 MW കാറ്റിൽ നിന്നും 5000 MW ചെറുകിട ജല വൈദ്യുത പദ്ധതിയിൽ നിന്നുമാണ്. ഇതിന്റെ ലക്ഷ്യം 2022 ആണ്. ഇതിൽ കേരളത്തിന്റെ വക 1830 MW സൗരോർജ്ജവും 100 MW ചെറുകിടജലവൈദ്യുത പദ്ധതിയിലുമാണ്.

എല്ലാ രാജ്യങ്ങളെയും റിന്യുവബിൾ എനർജിയിലേക്ക് നയിക്കുവാനുള്ള മുഖ്യകാരണം കാലാവസ്ഥാ വ്യതിയാനമാണ്. ഇന്ന് അന്തരീക്ഷത്തിലേക്ക് വമിക്കുന്ന CO_2 ന്റെ 60% ഊർജ്ജ ഉല്പാദനവുമായോ ഉപയോഗവുമായോ ബന്ധപ്പെട്ടിരിക്കുന്നു. 1 യൂണിറ്റ് വൈദ്യുതി ലാഭിച്ചാലോ, അല്ലെങ്കിൽ 1 യൂണിറ്റ് വൈദ്യുതി പാരമ്പര്യേതര മാർഗ്ഗം ഉപയോഗിച്ച് ഉണ്ടാക്കിയാലോ നമുക്ക് ഏകദേശം 1 കിലോ ഗ്രാം CO_2 കുറയ്ക്കുവാൻ സാധിക്കുന്നു.

കേരളത്തിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ നമുക്ക് മറ്റ് സംസ്ഥാനങ്ങളിലെ പോലെയോ മറ്റ് രാജ്യങ്ങളെ പോലെയോ ഉള്ള വൈദ്യുതി ഉപയോഗമല്ല. 48 ശതമാനം ഗാർഹികമേഖലയിലും 13% വാണിജ്യ മേഖലയിലും കൂട്ടി 61% വൈദ്യുതി ലൈറ്റ്, ഫാൻ, എയർ കണ്ടീഷണർ, വീട്ടുപകരണങ്ങൾ എന്നിവയ്ക്ക് മാത്രമായി ഉപയോഗിക്കപ്പെടുന്നു. അതിനാൽ പകൽ സമയത്ത് സൗരോർജ്ജം വളരെ കൂടുതൽ ഉല്പാദിപ്പിച്ചാൽ അത് ശേഖരിക്കുവാനുള്ള മാർഗ്ഗങ്ങൾ വേണം. ബാറ്ററി ആണ് ഇപ്പോൾ ഉള്ളത്. ബാറ്ററികളിൽ കൂടുതൽ ഗവേഷണം നടത്തി കാര്യക്ഷമമാക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബാറ്ററി സ്റ്റോറേജുള്ള സിസ്റ്റം ആണ് കൂടുതൽ അഭികാമ്യം. അങ്ങനെയായാൽ മാത്രമേ നമുക്ക് പീക്ക് ലോഡ് കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ. മറ്റ് രാജ്യങ്ങളും സംസ്ഥാനങ്ങളും ഈ മേഖലകളിൽ കൂടുതൽ നീങ്ങുമ്പോൾ നമ്മുടെ സംസ്ഥാനം 2030 ആകുമ്പോൾ 30% വൈദ്യുതി എങ്കിലും green sourceൽ ഉല്പാദിപ്പിക്കപ്പെടണം. 2030 ൽ 12000 MW നമുക്ക് ആവശ്യമായി വന്നാൽ 3900 MW പാരമ്പര്യേതര മേഖലയിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ നമുക്ക് കഴിയണം.

ഓരോ പഞ്ചായത്തുകളും ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുകയാണെങ്കിൽ വിപ്ലവകരമായ മാറ്റമായിരിക്കും ഉണ്ടാകുന്നത്. ഉദാഹരണമായി ചെറിയ തോടും ആറുകളും ഉള്ള മലയോര പഞ്ചായത്തുകൾക്ക് ചെറുകിടജലവൈദ്യുത പദ്ധതി നിലയങ്ങൾ സ്ഥാപിക്കുവാൻ കഴിയും. ഇതിനായി പഞ്ചായത്തുകളും പൊതുജനങ്ങളും സർക്കാരും തുല്യ പങ്കാളികളായി പദ്ധതി നടപ്പിലാക്കുവാൻ കഴിയും. സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചാൽ അവർക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും, അവധി ദിവസങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി യ്ക്ക് നൽകുവാനും കഴിയും. ഇതുപോലെ തന്നെ ചെറിയ കാറ്റാടി യന്ത്രങ്ങളും ജൈവ മാലിന്യങ്ങളിൽ നിന്നുള്ള പദ്ധതികളും ആരംഭിക്കുവാൻ കഴിയും.

ലേഖകൻ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറാണ്



8-ാം പേജിൽ നിന്നും തുടർച്ച

എം.എൽ.എ അദ്ധ്യക്ഷനായും ജില്ലാ തലത്തിൽ ഒരു മന്ത്രിക്ക് ചുമതലയുണ്ടാകുന്ന രീതിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും എം.പി.-മാർ രക്ഷാധികാരികളായും സമിതികൾ ഉണ്ടാകണം. ജനകീയ മുന്നേറ്റമുണ്ടാകത്തക്ക രീതിയിൽ ബോധവത്കരണ-പ്രചരണ കാമ്പേയ്നുകൾ സംഘടിപ്പിക്കും. സാക്ഷരതായജ്ഞം ശൈലിയിൽ ജനകീയ നവോത്ഥാന പരിപാടികൾക്ക് വായനശാലകളും ക്ലബ്ബുകളും നേതൃത്വം നൽകും.

അക്കാദമിക രംഗം

കാലത്തിനനുസരിച്ചുള്ള കരിക്കുലം പരിഷ്കരണമാണ് അക്കാദമിക് മികവിന്റെ ഭൂമിക. അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തകർന്നു കിടക്കുന്ന കാർഷിക, പാരിസ്ഥിതിക, സാംസ്കാരിക, ആരോഗ്യ മേഖലകളുടെ ഉണർവിനു വേണ്ടി വരും തലമുറകളെ പ്രാപ്തമാക്കുക എന്നതായിരിക്കും പരിഷ്കരണ രീതിശാസ്ത്രം.

അധ്യാപകരെ മാറ്റത്തിനനുസരിച്ച് പരിശീലിപ്പിക്കുക എന്നതാണ് രണ്ടാം ഘട്ടം. ഇതിന്റെ ഒന്നാംഘട്ടം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ ഒന്നരലക്ഷം അധ്യാപകരുടെ ക്ലസ്റ്റർ പരിശീലനം ആരംഭിച്ചു. തുടർന്ന് ഇവർക്കെല്ലാം ആധുനിക രീതിയിലുള്ള ഐടി പരിശീലനം നൽകും. കാരണം ക്ലാസ്സുകൾ പൂർണ്ണമായും ഹൈടെക് ക്ലാസ്സുകളായി മാറുകയാണ്. ഓരോ വിഷയത്തിലും ഐ.ടി എങ്ങനെ ഉപയോഗിക്കാമെന്ന് അധ്യാപകന് ബോധ്യം വന്നാൽ വിഷയപഠനത്തിന്റെ സാധ്യത അനന്തമാകും. ക്ലാസ്സുമുറികൾ ആധുനിക പഠനത്തിന്റെ കേന്ദ്രങ്ങളായി മാറണം. ഐടി അറ്റ് സ്കൂളിന്റെ നേതൃത്വത്തിലായിരിക്കും മുഴുവൻ അധ്യാപകർക്കുമുള്ള ഐടി പരിശീലനം. ഒരു വർഷത്തിനുള്ളിൽ ഇത് പൂർത്തീകരിക്കും. ഒന്നു മുതൽ എട്ട് വരെയുള്ള എല്ലാ അധ്യാപകർക്കും ഇംഗ്ലീഷ് പഠിക്കുന്നതിന്റെ പരിശീലന കളരികളും ഈ വർഷം ഓണത്തിനു ശേഷം ആരംഭിക്കും, തുടർന്ന് രണ്ടു വർഷത്തിനുള്ളിൽ ഓരോ അധ്യാപകന്റേയും വിഷയത്തിൽ പ്രത്യേകമായ പരിശീലനം നൽകും. ചുരുക്കത്തിൽ രണ്ട് വർഷത്തിനുള്ളിൽ ഒന്നു മുതൽ പത്ത് വരെയുള്ള മുഴുവൻ അധ്യാപകർക്കും ആധുനിക രീതിയിലുള്ള പരിശീലനം നൽകും. SCERT ക്കും SSA ക്കും RMSAയ്ക്കും ആയിരിക്കും ഇതിന്റെ ചുമതല. ഹയർസെക്കണ്ടറിയിലും വൊക്കേഷണൽ ഹയർസെക്കണ്ടറിയിലും സമാനമായ പരിശീലനങ്ങൾ നടക്കും. ഓരോ വിഷയപഠനത്തിലും ഐടിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

ഹൈടെക് ക്ലാസുകൾ

മേൽപ്പറഞ്ഞ അധ്യാപകർക്ക് ക്ലാസ്സെടുക്കുവാൻ പറ്റുന്ന സൗകര്യങ്ങൾ ക്ലാസ്സിൽ തന്നെ ഒരുക്കികൊടുക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനുണ്ട്. അതുകൊണ്ടാണ് 600 കോടി രൂപ ഇതിനു മാത്രമായി ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് രണ്ടു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലേയും 8,9,10,11,12 ക്ലാസ്സുകൾ ഹൈടെക്കാക്കി മാറ്റും. എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി വൊക്കേഷണൽ ഹയർസെക്കണ്ടറികളിലും വൈഫൈ സംവിധാനവും ലോക്കൽ നെറ്റ്വർക്കും ഉള്ള ഒരു കമ്പ്യൂട്ടർ ലാബ് ഉണ്ടായിരിക്കും. ഭാവിയിൽ UP, LP തലങ്ങളിലേക്കും ഇത് വ്യാപിപ്പിക്കും. സ്കൂളുകളെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന ഒരു പൊതു സർവർ സംസ്ഥാനതലത്തിൽ ഉണ്ടായിരിക്കും. മൊത്തം സ്കൂളുകൾ ഒരു ക്ലസ്റ്ററായി പ്രവർത്തിക്കുവാൻ ഇതിലൂടെ കഴിയും.

ഭൗതിക സാഹചര്യ വികസനം

ആയിരം സ്കൂളുകളെ ഉന്നത നിലവാരമുള്ളതാക്കി ഉയർത്തുക, ഭൗതിക സാഹചര്യങ്ങൾ ആധുനികവല്ക്കരിച്ചുകൊണ്ടും അക്കാദമിക് സൗകര്യങ്ങൾ നവീകരിച്ചുകൊണ്ടും വിദ്യാലയ അന്തരീക്ഷം ഏറ്റവും മാതൃകാപരമാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ വിദ്യാലയങ്ങളാണ് ഈ രീതിയിൽ നവീകരിക്കുക.

ഈ സംവിധാനത്തിന് പകരമായി ലൈബ്രറികളും ലാബറട്ടറികളും ആധുനികവൽക്കരിക്കും. ജൈവവൈവിദ്ധ്യത്തെക്കുറിച്ചും കൃഷിയെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും വിദ്യാർത്ഥികളെ മാത്രമല്ല ബഹുജനങ്ങളെ പഠിപ്പിക്കുവാൻ വേണ്ടി ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കിക്കൊണ്ട് ജൈവവൈവിദ്ധ്യ ഉദ്യാനങ്ങൾ നിർമ്മിക്കും.

മറ്റ് അനുബന്ധ സൗകര്യങ്ങൾ

സമൂഹത്തിന് പിൻബലം നൽകുന്ന അധ്യാപക സമൂഹത്തിനും കാലത്തിനനുസരിച്ച മാറ്റങ്ങൾ ഉണ്ടാകും. ഉച്ചഭക്ഷണ പരിപാടികൾക്ക് ഉചിതമായ മാറ്റങ്ങൾ ഓണത്തിന് ശേഷം ഉണ്ടാകും. കാമ്പസിനകത്തെ മുഴുവൻ പേർക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും. ഏഷ്യയിലാദ്യമായി മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം തയ്യാറാക്കുന്ന പാചകതൊഴിലാളിക്കും ഇൻഷുറൻസ് നടപ്പിലാക്കും. സ്കൂളിനകത്ത് പഠന സുരക്ഷയോടൊപ്പം ജീവിതസുരക്ഷിതത്വവും നൽകുമെന്നർത്ഥം. ജൈവ പച്ചക്കറി അതത് സ്കൂളിൽ തന്നെ പരമാവധി ഉൽപാദിപ്പിക്കുവാനുള്ള പദ്ധതി കൂടി നടപ്പിലാക്കേണ്ടതുണ്ട്. NCC, NSS, SCOUT, SPC, JRS തുടങ്ങിയവയുടെ ഏതെങ്കിലും ഒരു യൂണിറ്റ് എല്ലാ സ്കൂളുകളിലും ഉണ്ടാകും എന്ന കാര്യം ഉറപ്പുവരുത്തും. എട്ട് വരെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്യും. നവോത്ഥാന ആശയങ്ങളെക്കുറിച്ചും ജീവിതശൈലിയെക്കുറിച്ചും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെക്കുറിച്ചും നിരന്തരമായ ബോധവത്കരണ പരിപാടികൾ ഉണ്ടായിരിക്കും. ഓരോ കാമ്പസിന്റെയും സാധ്യതയ്ക്കനുസരിച്ച് കലാകായിക പരിപാടികളുടെ മാസ്റ്റർപ്ലാനുകളും തയ്യാറാക്കും. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണ് എന്നും വിദ്യാഭ്യാസത്തിന്റെ നിർവചനം മനുഷ്യനെ മനുഷ്യനാക്കിമാറ്റുക എന്നതാണെന്നും സമൂഹത്തിനെ മൊത്തം ബോധ്യപ്പെടുത്തുന്ന ബഹുജനബോധവത്ക്കരണ മഹായജ്ഞമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

കവർസ്റ്റോറി ജി. അനിൽ

ചെറുകിട ജലവൈദ്യുത പദ്ധതി

പഞ്ചായത്തുകൾക്ക് എങ്ങനെ നടപ്പിലാക്കാം

ഇന്ത്യയിൽ ഏറ്റവും ഉയർന്ന ജീവിതനിലവാരമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. രാജ്യത്തെ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനവും കേരളം തന്നെ. ഇന്ത്യയിൽ ആളോഹരി ഗാർഹിക വൈദ്യുതി ഉപഭോഗം ഏറ്റവും ഉയർന്ന സംസ്ഥാനങ്ങളിൽ ഒന്നായ കേരളത്തിന്റെ 65% വൈദ്യുതിയും അയൽ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര പൂളിൽ നിന്നുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. വൈദ്യുതി ഉപഭോഗം ഏറ്റവും ഉയർന്നു നിൽക്കുന്ന പീക്ക് സമയത്ത് സംസ്ഥാനത്തെ വൈദ്യുതി ലഭ്യതയും ഉപഭോഗവും തമ്മിൽ 65 ശതമാനത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്.

വൈദ്യുതിയുടെ കാര്യത്തിൽ ഉപഭോക്താക്കൾ തന്നെ ഉത്പാദകരാകുന്ന രീതി കേരളം പിന്തുടരേണ്ടത് ഇന്ന് ആവശ്യമാണ്. സംസ്ഥാനത്ത് സുലഭമായ ചെറുജലസ്രോതസ്സുകൾ വിനിയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായവയാണ്. വൈദ്യുതി പ്രതിസന്ധി നേരിടാൻ പരിസ്ഥിതിക്ക് യോജിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ (SHP പദ്ധതികൾ) ഒരു പരിധിവരെ സഹായിക്കും.

നിർവ്വചനം

സംസ്ഥാന സർക്കാർ 2012 ൽ പ്രഖ്യാപിച്ച ചെറുകിട ജലവൈദ്യുതി നയ പ്രകാരം 25 മെഗാവാട്ട് വരെ വൈദ്യുതി ഉല്പാദന ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ സർക്കാർ ബൂട്ട് (Built, Own, Operate & Transfer) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് അനുവദിക്കും. കൂടാതെ ഈ മേഖലയിൽ സ്വകാര്യപങ്കാളിത്തം അനുവദിക്കാനും നയം ലക്ഷ്യമിടുന്നു. മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ് സംരംഭകരെ തെരഞ്ഞെടുക്കുക.



കേരളത്തിലെ ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായി സർക്കാർ സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് എനർജി മാനേജ്മെന്റ് സെന്ററിലാണ് സെൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് എനർജി മാനേജ്മെന്റ് സെന്ററിൽ ലഭ്യമാണ്. അതാത് പ്രദേശങ്ങളിലുള്ള ചെറുവെള്ളച്ചാട്ടങ്ങൾ പഞ്ചായത്തുകൾക്ക് കണ്ടെത്താവുന്നതാണ്.

ഓരോ പദ്ധതിയിലെയും നിശ്ചയിച്ചിട്ടുള്ള മെഗാവാട്ട് സ്ഥാപിതശേഷിക്കുമേൽ ഏറ്റവും ഉയർന്ന പ്രീമിയം തുക വാഗ്ദാനം ചെയ്യുന്ന യോഗ്യത തെളിയിച്ച സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതികൾ അനുവദിച്ച് നൽകുന്നു. ഈ നയപ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് 500 കിലോ വാട്ട് വരെയുള്ള ചെറുജലവൈദ്യുത പദ്ധതി പഞ്ചായത്ത് ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് കഴിയും. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ഇതിലും വലിയ പദ്ധതികൾ സർക്കാർ അനുവാദത്തോടെ പഞ്ചായത്തുകൾക്ക് നടപ്പിലാക്കാൻ കഴിയും.

ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1. ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ജലവൈദ്യുത പദ്ധതി ഏറ്റെടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് തീരുമാനമെടുക്കണം.
2. 1956ലെ കമ്പനി നിയമപ്രകാരം വൈദ്യുതി ഉല്പാദിപ്പിച്ച് വില്ക്കുന്നതിനുള്ള കമ്പനി രൂപീകരിക്കണം.
3. ജലവൈദ്യുതപദ്ധതി സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകാരം നേടണം.
4. പദ്ധതിക്കുള്ള വിശദപഠന റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കണം.
5. പദ്ധതിക്ക് വനഭൂമി ആവശ്യമുണ്ടെങ്കിൽ ഇതിന് വേണ്ടിയുള്ള വനം വകുപ്പിന്റെ മുൻകൂർ അനുവാദം നേടണം.
6. ഉല്പാദിപ്പിക്കുന്ന വൈദ്യുതി, വൈദ്യുതി ബോർഡിന് വില്ക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുന്ന മാതൃകയിലുള്ള ധാരണാപത്രം ഒപ്പു വയ്ക്കണം.
7. ജലസ്രോതസ്സിന്റെ പ്രകൃത്യാ ഉള്ള ഒഴുക്ക് കഴിവതും തടസ്സപ്പെടുത്തരുത്.
8. ജലത്തിന്റെ ലഭ്യത അനുസരിച്ച് വൈദ്യുതി ഉല്പാദനം നിയന്ത്രിക്കുന്നതിന് പ്രോജക്ടിന്റെ മൊത്തം ഉല്പാദനശേഷി വിഭജിച്ച് ചെറുതും സമാന്തരമായി പ്രവർത്തിക്കുന്നതുമായ ഒന്നിലധികം ചെറിയ യൂണിറ്റുകളായി സ്ഥാപിക്കണം.
9. ചുരുങ്ങിയത് 5 മീറ്ററെങ്കിലും ഉയരത്തിൽ നിന്നും പതിക്കുന്ന വെള്ളചാട്ടങ്ങളെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടി തെരഞ്ഞെടുത്താൽ കൂടുതൽ ലാഭകരമാക്കാം. അടുത്തടുത്തു വരുന്നതും 5 മീറ്ററെങ്കിലും ഒഴുകുന്നതുമായ തട്ടുതട്ടായ വെള്ളച്ചാട്ടങ്ങളെയും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കാവുന്നതാണ്.

നടപടിക്രമം

ഈ പദ്ധതിയിൻകീഴിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് ആദ്യത്തെ നടപടി ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പദ്ധതി ആരംഭിക്കുന്നതിനുള്ള ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം അംഗീകരിക്കലാണ്. തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും അംഗങ്ങളായ വൈദ്യുതി ഉല്പാദന/ വിപണന കമ്പനി രൂപീകരിക്കണം. 1956 ലെ കമ്പനി നിയമപ്രകാരമാണ് ഈ കമ്പനി രൂപീകരിക്കേണ്ടത്. ഈ കമ്പനിക്ക് 30 വർഷം വൈദ്യുതി നിലയം പ്രവർത്തിപ്പിച്ച് വൈദ്യുതി വില്ക്കുന്നതിനുള്ള അവകാശം നല്കണം. വിശദമായ സർവ്വേയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലുമാണ് അടുത്ത നടപടി. ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ യൂണിറ്റ് വില തീരുമാനിക്കുന്നത് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലാണ്. പദ്ധതിക്ക് വേണ്ട പണം കണ്ടെത്തേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഹരി മുഖേനയും മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വാ

യ്പ വഴിയുമാണ്.

ഒരു മെഗാവാട്ടിന് ഏകദേശം എട്ടുകോടി രൂപയാണ് നിർമ്മാണച്ചെലവ്. കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം (എം. എൻ. ആർ. ഇ) ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മൂലധനസഹായം നൽകിവരുന്നുണ്ട്. 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയുള്ള പദ്ധതികൾക്ക് 1.5 ലക്ഷം രൂപയും 5 കിലോവാട്ടിനു മുകളിൽ 100 കിലോവാട്ട് വരെ ഓരോ കിലോവാട്ടിനും 1.25 ലക്ഷം രൂപയും 1000 കിലോവാട്ടിനു മുകളിൽ 25 മെഗാവാട്ട് വരെ പരമാവധി ഒരു മെഗാവാട്ടിന് 3.5 കോടി രൂപ വെച്ച് പരമാവധി 20 കോടി രൂപ വരെയും ലഭിക്കും. പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും എം. എൻ. ആർ. ഇ ധനസഹായം നൽകുന്നുണ്ട്. ഇ.എം.സി മുഖേനയാണ് സബ്സിഡികൾ ലഭിക്കുന്നത്.

പദ്ധതികൾ എവിടെയൊക്കെ സ്ഥാപിക്കാം

കേരളത്തിലെ ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിനായി സർക്കാർ സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് എനർജി മാനേജ്മെന്റ് സെന്ററിലാണ് സെൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ കണ്ടെത്തിയിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് എനർജി മാനേജ്മെന്റ് സെന്ററിൽ ലഭ്യമാണ്. അതാത് പ്രദേശങ്ങളിലുള്ള ചെറുവെള്ളച്ചാട്ടങ്ങൾ പഞ്ചായത്തുകൾക്ക് കണ്ടെത്താവുന്നതാണ്.

ചെറിയ അരുവികൾക്ക് കുറുകെ ഒരു താല്കാലിക അണ (1 മുതൽ 5 മീ ഉയരത്തിൽ)കെട്ടി വെള്ളം തടഞ്ഞുനിർത്തി അത് കനാലിൽ/പൈപ്പിൽ കൂടെയോ, പെൻസ്റ്റോക്കിൽ കൂടെയോ പവർ ഹൗസിൽ എത്തിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാം. ഒരു സെക്കന്റിൽ 10 ലിറ്റർ (ഏകദേശം അര ബക്കറ്റ്) ജലപ്രവാഹം എങ്കിലും ഉള്ള ഒരു അരുവിയിലോ കനാലിലോ മാത്രമേ ഈ തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ലാഭകരമായി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, വളരെക്കുറച്ചു ദൂരം സഞ്ചരിക്കുമ്പോൾ തന്നെ കാര്യമായി, ഏകദേശം 20 മുതൽ 50 മീറ്റർ ഉയരവ്യത്യാസം ഉള്ളവയാണെങ്കിൽ വളരെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കും. അരുവിയിൽ വെള്ളച്ചാട്ടങ്ങളുള്ള സ്ഥലങ്ങളായിരിക്കും ഇതിന് വളരെ യോജിച്ചത്.മേൽപ്പറഞ്ഞ രീതിയിലുള്ള അരുവിയിൽ ഒരു തടയണയും അടുത്തുതന്നെ ഒരു പവ്വർഹൗസും പണിയുവാൻ യോജിച്ച സ്ഥലം കണ്ടുപിടിക്കേണ്ടതാണ്.

പദ്ധതിയ്ക്കനുയോജ്യമെന്ന് കണ്ട സ്ഥലം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കണം.(പഞ്ചായത്ത്, കൈവശാവകാശം മുതലായവ).

ഒരാണ്ടിൽ എത്ര മാസക്കാലം അരുവിയിൽ നീരൊഴുക്കുണ്ട്, മഴക്കാലത്ത് ഉണ്ടായിട്ടുള്ള വെള്ളപ്പൊക്കം മൂലം എത്ര മീറ്റർ ഉയരത്തിൽ അരുവിയിലെ വെള്ളം ഉയർന്നു തുടങ്ങിയ അരുവിയിലെ നീരൊഴുക്കിനെ സംബന്ധിച്ച വിവരങ്ങളും ശേഖരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഊർജ്ജകാര്യ സമിതിയോ അംഗീകൃത കൺസൾട്ടന്റുമാരോ നടത്തിയ സാധ്യതാ പഠനത്തിന്റെ വെളിച്ചത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ/സെന്റർ അംഗീകരിച്ച കൺസൾട്ടന്റുമാരുടെയോ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് പ്രാഥമിക സർവ്വേ



ചെറുകിട വൈദ്യുതോല്പാദനം പഞ്ചായത്തിനെ കൂടാതെ സ്വകാര്യവ്യക്തികൾക്കും ചെയ്യാവുന്നതാണ്. കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടു കൂടി എനർജി മാനേജ്മെന്റ് സെന്ററാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള നൂറോളം പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

നടത്തി അതുപയോഗിച്ച് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കേണ്ടതാണ്.

പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് സമഗ്രമായ സർവ്വേ നടത്തി തടയണ, പവർ കനാൽ, ഫോർബേ, പെൻസ്റ്റോക്ക് എന്നിവയുടെ സ്ഥാനവും കിടപ്പും നിശ്ചയിക്കുകയും വേണം.

ഈ സർവ്വേയ്ക്ക് ശേഷം ഭൂഗർഭ സർവ്വേ, വനഭൂമി സർവ്വേ, ഭൂമി ഉപയോഗ സർവ്വേ മുതലായ കാര്യങ്ങൾ നടത്തി പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുന്നതിന് ഏറ്റവും യോഗ്യമായ സ്ഥലം കണ്ടുപിടിക്കുകയും അതിൽ നിന്ന് സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു. ഈ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് നേരിട്ടോ ഏജൻസികൾ മുഖേനയോ പദ്ധതി നടപ്പാക്കാവുന്നതാണ്.

പഞ്ചായത്തുകൾക്ക് തെരഞ്ഞെടുക്കുന്ന അനുയോജ്യരായ കൺസൾട്ടന്റിനെകൊണ്ട് അതാത് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാം. പ്രോജക്ട് റിപ്പോർട്ടിന് പവർ ഡിപ്പാർട്ടുമെന്റിന്റെ അനുമതി വാങ്ങേണ്ടതാണ്. അനുമതി ലഭിച്ച പ്രോജക്ട് റിപ്പോർട്ട് പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനയ്ക്ക് വെച്ച് പദ്ധതിക്കാവശ്യമായ പണം സ്വരൂപിക്കണം.

പദ്ധതിക്കാവശ്യമായ മൂലധനം ജില്ലാ സഹകരണ ബാങ്കുകൾ, കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം, ഇന്ത്യൻ റിന്യൂവബിൾ എനർജി ഏജൻസി, മറ്റ് ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് വായ്പയായി ലഭിക്കുന്നതാണ്. പവർഹൗസിലെ ഉല്പാദനം, വിതരണം എന്നിവ പഞ്ചായത്ത് നേരിട്ടോ വ്യക്തികളെ ചുമതലപ്പെടുത്തിയോ നിയന്ത്രിക്കേണ്ടതാണ്. വൈദ്യുതി വിതരണത്തിൽ നിന്നുള്ള വരുമാനം, പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കൽ എന്നിവ പഞ്ചായത്തുതന്നെ ഉത്തരവാദിത്വത്തോടെ നടത്തേണ്ടതാണ്.

ചെറിയ ഒരു പരിശീലനം നൽകി ഇവ ഒരു പ്രയാസവും കൂടാതെ പ്രവർത്തിപ്പിക്കുവാനും പരിപാലിക്കുവാനും കഴിയും. ഇത്തരം പ്രോജക്റ്റുകളുടെ സാധാരണ ആയുസ് 20 മുതൽ 25 വർഷമാണ്. മൈക്രോ ജലവൈദ്യുത പദ്ധതി മറ്റു വിധത്തിലുള്ള പുതുക്കപ്പെടാവുന്ന ഊർജ്ജസ്രോതസ്സുകളേക്കാളേറെ ചെലവു കുറഞ്ഞവയാണ്. ഈ സ്കീമുകൾ "run of river" (സംഭരണം ഇല്ലാത്തവ) ആയതിനാൽ വേനൽകാലത്ത് മുഴുവൻ സമയവും പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. ഈ സമയത്ത് സൗരോർജ്ജം, പവനോർജ്ജം പോലുള്ള ഉപാധികൾ പ്രയോജനപ്പെടുത്തേണ്ടതാകുന്നു. അതതു പ്രദേശത്തെ ആൾക്കാരുടെ സഹകരണത്തോടു കൂടി ഇത്തരം വൈദ്യുതി സ്രോതസ്സുകളെ നമ്മുടെ ഗ്രാമങ്ങളുടെ വികസനത്തിന് പ്രത്യേകിച്ച് ഒരു ഗ്രിഡ് കണക്ഷൻ ഇല്ലാത്തിടങ്ങളിൽ ധാരാളമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രിഡുമായി ബന്ധിപ്പിച്ചും ഇത്തരം പദ്ധതികൾ നടപ്പിലാക്കാം.

ഒറ്റപ്പെട്ടു കിടക്കുന്ന മലയോരഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുവാനുള്ള ഏറ്റവും പറ്റിയ സ്രോതസ്സാണ് ചെറുകിട ജലവൈദ്യുതപദ്ധതികൾ. നിലവിലുള്ള വൈദ്യുതശൃംഖല എത്തിച്ചേരാത്തിടത്ത് ഇങ്ങനെ പ്രാദേശികമായി വൈദ്യുതി വിതരണം ചെയ്യാനാവും. എന്നാൽ ഇത്തരത്തിലുള്ള ചില പദ്ധതികളിൽകൂടി നിലവിലുള്ള വൈദ്യുത ശൃംഖലയിലേക്ക് വൈദ്യുതി നല്കുവാനും തദ്വാരാ പ്രദേശത്താകമാനമുള്ള വോൾട്ടേജ് ക്ഷാമം കുറച്ചൊക്കെ പരിഹരിക്കുവാനും നമുക്കു കഴിയുന്നതാണ്. വെള്ളം കുറവാണെങ്കിൽകൂടി, ലോഡ് ഇല്ലാതെ കണ്ടൻസർ പോലെ പ്ളാന്റ് ഓടിക്കുവാനും (10% വെള്ളം ഉപയോഗിച്ച്) ആ പ്രദേശത്തെ വോൾട്ടേജ് നിലനിർത്തുവാനും കഴിയും. ഇതുമൂലം ധാരാളം വൈദ്യുതി നഷ്ടം കുറയ്ക്കാനാവുന്നതാണ്.

കുഞ്ഞൻ ജലവൈദ്യുത പദ്ധതികൾ

ചെറുകിട വൈദ്യുതോല്പാദനം പഞ്ചായത്തിനെ കൂടാതെ സ്വകാര്യവ്യക്തികൾക്കും ചെയ്യാവുന്നതാണ്. കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടു കൂടി എനർജി മാനേജ്മെന്റ് സെന്ററാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള നൂറോളം പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

സ്വകാര്യവ്യക്തിയുടെ തന്നെ പുരയിടത്തിലൂടെ/അടുത്തുകൂടെ ഒഴുകുന്ന നീരൊഴുക്ക്/ ചെറുവെള്ളച്ചാട്ടങ്ങളിൽ നിന്നും സ്വന്തം വീടിന്റെ ആവശ്യത്തിലേക്കോ, സ്വന്തം കൃഷിയിടത്തിലെ ആവശ്യത്തിലേക്കോ വേണ്ടി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി സ്വന്തം സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സഹിതം എനർജി മാനേജ്മെന്റ് സെന്ററിൽ (ഇ.എം.സി) 1000 രൂപ ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്. ഇ.എം.സിയിൽ നിന്നും അനുമതി ലഭിക്കുന്നപക്ഷം പദ്ധതി നടപ്പിലാക്കി 50% ഇലക്ട്രിക്കൽ ഔട്ട്പുട്ട്/ കാര്യക്ഷമത തെളിയിച്ചാൽ കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും അതത് വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റിനനുസരിച്ച് സബ്സിഡികൾ ലഭ്യമാകുന്നു. ഇതിന്റെ കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും www.keralaenergy.gov.in സന്ദർശിക്കാവുന്നതാണ്.

ലേഖകൻ എനർജി മാനേജ്മെന്റ് സെന്ററിൽ ജോയിന്റ് ഡയറക്ടറും ചെറുകിടജലവൈദ്യുത പദ്ധതി വിഭാഗം തലവനുമാണ്

പഞ്ചായത്തുകൾക്കും വൈദ്യുതിഉല്പാദകരാകാം മാങ്കുളം മാതൃക

കവർസ്റ്റോറി **ബീന. ടി. എ**

കേരളം പുഴകളാലും തോടുകളാലും അരുവികളാലും സമ്പന്നമാണ്. ഇതുവരെ വലിയ ജലാശയങ്ങളെ കേന്ദ്രീകരിച്ചാണ് വൈദ്യുതി ഉല്പാദനം നടന്നിരുന്നത്. എന്നാൽ ചെറിയ കൈത്തോടുകളിൽ നിന്നും അരുവികളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. നമ്മുടെ അയൽരാജ്യങ്ങളായ ചൈന, നേപ്പാൾ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികൾ ധാരാളമായുണ്ട്.

കേരളത്തിൽ ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്ത് വൈദ്യുതി ഉല്പാദിപ്പിച്ച് വിൽക്കുന്ന ആദ്യത്തെ ഗ്രാമ പഞ്ചായത്താണ്. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ മീൻവല്ലം പദ്ധതിയും ദേശീയ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

വൈദ്യുതിയെത്തിയിട്ടില്ലാതിരുന്ന മാങ്കുളം ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഊർജ്ജ വകുപ്പിനു കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ യുനിഡോ (യുനൈറ്റഡ് നാഷൺസ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ)യുടെ സഹായത്തോടുകൂടി 2003ലാണ് ആദ്യമായി വൈദ്യുതി എത്തിക്കുന്നത്. ഈ പദ്ധതിക്ക് പഞ്ചായത്ത് നേരത്തെതന്നെ ശ്രമം തുടങ്ങിയിരുന്നു. ഗ്രാമീണ വൈദ്യുതീകരണം ഉല്പാദനപരമായ ഉപയോഗത്തിന് എന്ന ആശയത്തോടുകൂടി വീടുകൾ, കമ്യൂണിറ്റി സെന്റർ, ധാന്യം പൊടിക്കുന്ന ചെറുമില്ലുകൾ എന്നിവയെല്ലാം വൈദ്യുതീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. പാമ്പുംകയം ജലസ്രോതസ്സാണ് പദ്ധതിക്കായി ഉപയോഗിച്ചത്. ഈ സംവിധാനം പിന്നീട് നവീകരിച്ച് കെ.എസ്.ഇ.ബി



110 കിലോവാട്ട് മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ പവർഹൗസ്

ഗ്രിഡിലോട്ട് വൈദ്യുതി നൽകുന്ന വിധത്തിലാക്കി. 110 കിലോവാട്ട് ശേഷിയുള്ള ഈ വൈദ്യുതോല്പാദന സംവിധാനം പഞ്ചായത്തുകൾക്കു മാത്രമല്ല, ലോകത്തിനു തന്നെ മാതൃകയാണ്. കെ.എസ്.ഇ.ബി-യുമായി ഉണ്ടാക്കിയ പവർപർച്ചേസ് എഗ്രിമെന്റ് പ്രകാരം കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച യൂണിറ്റിന് 4 രൂപ 88പൈസ നിരക്കിലാണ് പഞ്ചായത്ത് കെ. എസ്. ഇ. ബി ക്ക് വൈദ്യുതി നൽകുന്നത്. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 50 കിലോ വാട്ട് കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉല്പാദനം തുടങ്ങിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പശ്ചാത്തലത്തിൽ ലോകരാജ്യങ്ങൾ ഊർജ്ജോല്പാദനത്തിനായി ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അന്തരീക്ഷമലിനീകരണത്തിന് കാരണമാവുന്ന കാർബൺഡൈഓക്സൈഡ് വാതകങ്ങളുടെ 65 ശതമാനവും കൽക്കരി അധിഷ്ഠിതമായ താപവൈദ്യുത നിലയങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നുമാണ് പുറപ്പെടുവിക്കുന്നത്. അതിനാലാണ് കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതികളിൽ ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജകാര്യക്ഷമതയ്ക്കും മാലിന്യമുക്ത ഊർജ്ജോല്പാദന പദ്ധതികൾക്കും പ്രാധാന്യം കൈവന്നിരിക്കുന്നത്. സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം എന്നീ നവീകരണീയ ഊർജ്ജ സ്രോതസ്സുകളുടെ

കുഞ്ഞൻ ജലവൈദ്യുത പദ്ധതികൾ

കൂട്ടത്തിൽ ചെറുജലവൈദ്യുത പദ്ധതികൾക്കും പ്രാധാന്യമുണ്ട്.

കേരളത്തിൽ 500 മെഗാവാട്ടിൽ കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യത കണ്ടെത്തിയിട്ടുണ്ട്. 2012 ലെ കേരള സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം അനുസരിച്ച് 2017 ഓടുകൂടി 150 മെഗാവാട്ടാണ് ഉല്പാദന ലക്ഷ്യം.

തീരെ ചെറിയ വെള്ളച്ചാട്ടങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോവാട്ട് വരെ ശേഷിയുള്ള കുഞ്ഞൻ ജലവൈദ്യുത പദ്ധതികൾക്കും (Pico Hydro power project) കേരളത്തിൽ സാധ്യതയുണ്ട്. ഇതിനും MNRE ധനസഹായം ലഭിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കേരളത്തിലെ വീടുകൾ, തോട്ടങ്ങൾ, റിസോർട്ടുകൾ, വന്യമൃഗസങ്കേതങ്ങൾ എന്നിവിടങ്ങളിലായി ഇത്തരത്തിലുള്ള 82 പദ്ധതികളാണ് കമ്മീഷൻ ചെയ്തത്. സ്വകാര്യവ്യക്തികൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ എൻ.ജി.ഒകൾക്കോ പഞ്ചായത്തുകൾക്കോ ഇത്തരത്തിലുള്ള പദ്ധതി ആരംഭിക്കാവുന്നതാണ്. ഓരോ പ്രദേശത്തെയും ജലസ്രോതസ്സുകൾ ഓരോ ചെറുവൈദ്യുതനിലയങ്ങളാക്കാം. ചിന്നാർ വനമേഖലയിലെ കരിമുട്ടിയിൽ വനംവകുപ്പിന്റെ ഓഫീസിലേക്കായി 1 കിലോവാട്ട് പദ്ധതി കമ്മീഷൻ ചെയ്തു. മറ്റൊരു 3 കിലോവാട്ട് പദ്ധതിയിലൂടെ ചിന്നാർ വന്യജീവിസങ്കേതത്തിനകത്തുള്ള ആദിവാസി മേഖലയായ തായണ്ണൻ കുടിയിൽ 48 കുടുംബങ്ങൾക്ക് വൈദ്യുതി നൽകുവാൻ സാധിക്കുന്നുണ്ട്. സബ്സിഡി തുക കഴിച്ച് 1 കിലോവാട്ട് പദ്ധതിക്ക് ചെലവുവരുന്നതാകട്ടെ ഏകദേശം 25000 രൂപ മാത്രം.

ചെറുകിടജലവൈദ്യുത പദ്ധതി വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് കേരള സർക്കാർ എനർജി മാനേജ്മെന്റ് സെന്ററിൽ സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ രൂപീകരിച്ചത്. ഈ സെൽ വഴിയാണ് സ്വകാര്യസംരംഭകർക്കും തദ്ദേശ സ്ഥാപനങ്ങൾക്കും പദ്ധതികൾ അനുവദിക്കുന്നത്.

നമ്മുടെ ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ചെറുകിട ജലവൈദ്യുത പദ്ധതി മേഖലയിലേക്ക് കടന്നുവരേണ്ടതുണ്ട്. പഞ്ചായത്തുകളുടെ സാമ്പത്തിക നിലവാരം കൂടി കണക്കിലെടുത്താണ് എനർജി മാനേജ്മെന്റ് സെന്റർ ഈ വർഷം ചെറുകിട ജലവൈദ്യുത പദ്ധതികൾ പൊതു സ്വകാര്യ പഞ്ചായത്ത് മാതൃകയിൽ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയത്. സ്വകാര്യസംരംഭകരുടെയോ നാട്ടുകാരുടെ പങ്കാളിത്തത്തോടുകൂടിയോ പദ്ധതി പ്രദേശ ഉടമകളുടെ പങ്കാളിത്തത്തോടുകൂടിയോ പഞ്ചായത്തുകൾക്ക് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഏതൊരു കാര്യത്തിലും പുതിയ മാതൃകകൾ ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്ന നമ്മുടെ സംസ്ഥാനം ചെറുകിട ജലവൈദ്യുത പദ്ധതി വികസനത്തിലും ഒരു മാതൃകയായിത്തീരും. പദ്ധതികൾ നടപ്പിലാക്കാൻ താല്പര്യമുള്ളവർക്ക് അതാത് പ്രദേശത്തുള്ള പുഴകൾ, നീരാഴുക്കുകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ എനർജി മാനേജ്മെന്റ് സെന്ററിന്റെ ഇമെയിൽ (emck@keralaenergy.gov.in) വഴി അറിയിക്കാവുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുന്നത് പഞ്ചായത്തുകളുടെ സാമ്പത്തിക ഭദ്രതയ്ക്കു മാത്രമല്ല, നാടിന്റെ ഊർജ്ജ ഭദ്രതയ്ക്കു കൂടി സഹായകമാവും.

ലേഖിക തിരുവനന്തപുരം എനർജി മാനേജ്മെന്റ് സെന്ററിൽ പബ്ലിക് റിലേഷൻസ് ഓഫീസറാണ്

കവർസ്റ്റോറി ഇ. സി. പത്മരാജൻ

മീൻവല്ലം
ചെറുകിട ജലവൈദ്യുത പദ്ധതി ഒരു ജില്ലാ പഞ്ചായത്ത് കാൽവെയ്പ്

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ബ്ലോക്കിൽ കരിമ്പ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൂന്ന് മെഗാ വാട്ട് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി 2014 ആഗസ്റ്റ് 29 ന് രാഷ്ട്രത്തിന് സമർപ്പിച്ചു. വർഷം മുഴുവൻ വെള്ളമുള്ള തുപ്പനാട് അരുവി തൂതപ്പുഴയുടെ പോഷക നദിയാണ്. തൂതപ്പുഴ ഭാരതപ്പുഴയുടെയും.

റൺ ഓഫ് ദി റിവർ സ്കീം ആയ 8.47 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള മീൻവല്ലം പദ്ധതിക്ക് 67 മീറ്റർ നീളവും 6.5 മീറ്റർ ഉയരവുമുള്ള തടയണ തുപ്പനാട് പുഴയിൽ നിർമ്മിച്ചിട്ടുണ്ട്. ഇവിടെ നിന്ന് 567 മീറ്റർ നീളത്തിൽ പെൻസ്റ്റോക്കിലൂടെ വെള്ളം തുപ്പനാട് പുഴയുടെ സമീപത്തുള്ള പവർ ഹൗസിൽ എത്തിച്ച് 1.5 മെഗാവാട്ട് പ്രവർത്തനശേഷിയുള്ള 2 ഹൊറിസോണ്ടൽ പെൽട്ടൺവീൽ ടർബൈനുകളും സിങ്ക്രണസ് ജനറേറ്ററുകളും പ്രവർത്തിപ്പിച്ച് 3.3 കെ.വി യിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നു. 3.3 കെ. വി 11 കെ.വി ആക്കി ഉയർത്തി കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കല്ലടിക്കോട് 110 കെ.വി സബ്സ്റ്റേഷനിലേക്ക് പ്രസരണം നടത്തുന്നു.

നാൾവഴികൾ

1996 സെപ്തംബറിൽ സംസ്ഥാന സർക്കാർ മീൻവല്ലം ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ പാലക്കാട് ജില്ലാ പഞ്ചായത്തിനെ ചുമതലപ്പെടുത്തി. വിശദ പഠന റിപ്പോർട്ട് കെ.എസ്.ഇ.ബി ക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചു.1998 ജനുവരി 13 ന് ചേർന്ന ജില്ലാ പഞ്ചായത്ത് സമിതിയും ജനുവരി 14 ന് ചേർന്ന ജില്ലാ പ്ലാനിങ്ങ് കമ്മിറ്റിയും 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ മിൻവല്ലം ജലവൈദ്യുത പദ്ധതി ഉൾപ്പെടുത്തി. തുടർന്ന് സംസ്ഥാന ഗവൺമെന്റ് പാലക്കാട് ജില്ലാ പഞ്ചായത്തിനോട് ഒരു ജന

> മീൻവല്ലം പദ്ധതിയിൽ നിന്നും 18.09.2014 മുതൽ 30.11.2016 വരെ 1,31,63,430 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ പാലക്കാട് ജില്ലാ പഞ്ചായത്തിന് ഇതുവരെയായി 7 കോടിയിലധികം രൂപ ലഭിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും വാങ്ങിയ വായ്പയുടെ ഗഡുവും പലിശയും കൃത്യമായും അടച്ചുവരുന്നു.

റേറ്റിങ് കമ്പനി ഉണ്ടാക്കാൻ നിർദ്ദേശിച്ചു.

1999 ജനുവരി 20ന് 1956 ലെ കമ്പനി നിയമ പ്രകാരം പാലക്കാട് സ്മോൾ ഹൈഡ്രോ കമ്പനി രൂപീകരിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളാണ് ഈ കമ്പനിയിലെ ഓഹരി ഉടമകൾ. മീൻവല്ലം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് പാലക്കാട് മുണ്ടൂരിലുള്ള ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററാണ് തയ്യാറാക്കിയത്. 10 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതിക്ക് സാങ്കേതികാനുമതി കൊടുക്കാൻ ജില്ലാതലത്തിലുള്ള ഒരു കമ്മിറ്റിക്ക് സാദ്ധ്യമായിരുന്നില്ല. അതിനായി സിദ്ധാർത്ഥമേനോൻ, കെ.കൃഷ്ണൻകുട്ടി, ആർ.വി.ജി. മേനോൻ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചു. കമ്മിറ്റി 25.02.2000 ന് സാങ്കേതികാനുമതി കൊടുത്തു

1990 ലെ പൊതു മരാമത്ത് ഷെഡ്യൂൾ നിരക്ക് പ്രകാരം പദ്ധതിയുടെ അടങ്കൽ 10 കോടി രൂപയായിരുന്നു. പദ്ധതിയുടെ പണി പൂർത്തീകരിക്കുമ്പോൾ ആകെ ചെലവ് 21 കോടി ആയി. പദ്ധതിയുടെ ചെലവിന്റെ 30% ഇക്യുറ്റിയായും 70% വായ്പയായും സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

പദ്ധതിയുടെ വിയർ, പെൻസ്റ്റോക്ക്, പവർഹൗസ്, ടെയിൽറേസ്, റോഡ്, നടപ്പാത, എന്നിവയ്ക്കെല്ലാമായി ആകെ 1.15 ഹെക്ടർ വനഭൂമിയാണ് ആവശ്യമായിരുന്നത്. സംസ്ഥാന സർക്കാരും കേന്ദ്ര ഗവൺമെന്റും 2000.ൽ പദ്ധതിക്കാവശ്യമായ വനഭൂമി കൈമാറാനുള്ള അനുമതി തന്നിരുന്നു. എന്നാൽ വനം വകുപ്പ് ഫൈനാൻഷ്യൽ പാക്കേജ് ഉറപ്പായതിനുശേഷം മാത്രമേ മരം മുറിച്ചു മാറ്റി വന ഭൂമി കൈമാറുകയുള്ളു എന്ന് അറിയിച്ചു. സർക്കാർ ഗാരണ്ടി ഇല്ലാത്തതിനാൽ ധന സമാഹരണം പ്രയാസമായതുകൊണ്ട് വന ഭൂമി കിട്ടിയില്ല. പദ്ധതിയുടെ പണി തുടങ്ങാൻ വൈകി.

നബാർഡ് RIDF-XII സ്കീമിൽ 7,79 കോടി രൂപ വായ്പയായി അനുവദിച്ചു. ബാക്കി തുക പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും മറ്റ് ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെയും ഓഹരി തുകയാണ്. ഇലക്ട്രിക്കലും മെക്കാനിക്കലും സിവിലും വർക്കുകൾ തൃശ്ശൂരിലുള്ള സ്റ്റീൽ ഇൻഡസ്ട്രിയൽസ് ഒഫ് കേരള ലിമിറ്റഡ്(സിൽക്ക്) എന്ന കമ്പനിയാണ് ചെയ്തത്.

കെ.എസ്.ഇ.ബി ലിമിറ്റഡിനാണ് ഉല്പാദിപ്പിക്കുന്ന വൈദ്യുതി നൽകുന്നത്. 2007 ജനുവരി 23 ന് കേരള സംസ്ഥാന വൈദ്യുതി ബോർഡും പാലക്കാട് സ്മോൾ ഹൈഡ്രോ കമ്പനിയും തമ്മിൽ വൈദ്യുതി വാങ്ങൽ കരാറി (Power Purchase Agreement) ൽ ഒപ്പിട്ടു. ഇതിന്റെ കാലാവധി 25 വർഷമാണ് ഉത്പാദനം ആരംഭിച്ചത് മുതൽ 5 വർഷത്തേക്ക് 2.50 രൂപയും തുടർന്ന് 25 വർഷം 2.12 രൂപയും ആയിരുന്നു നിശ്ചയിച്ച താരിഫ്. 2007 ജനുവരി 23 ന് കെ.എസ്.ഇ.ബി.യുമായി പവർ പർചേസ് എഗ്രിമെന്റ് ഒപ്പുവെച്ചു. ഇപ്പോൾ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം താരിഫ് റേറ്റ് യൂണിറ്റിന് 4രൂപ 88 പൈസ ആക്കിയിട്ടുണ്ട്. പദ്ധതിയിൽനിന്നുള്ള വൈദ്യുതി 2014 ജൂൺ 17ന് കെ.എസ്.ഇ.ബി ഗ്രിഡ്ഡുമായി കൂട്ടിയോജിപ്പിച്ചു. മീൻവല്ലം പദ്ധതിയിൽ നിന്നും 18.09.2014 മുതൽ 30.11.2016 വരെ 1,31,63,430 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ പാലക്കാട് ജില്ലാ പഞ്ചായത്തിന് ഇതുവരെയായി 7 കോടിയിലധികം രൂപ ലഭിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും വാങ്ങിയ വായ്പയുടെ ഗഡുവും പലിശയും കൃത്യമായും അടച്ചുവരുന്നു.

മീൻവല്ലം പദ്ധതി നടപ്പിലാക്കിയതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ 1 മെഗാവാട്ട് പ്രവർത്തനശേഷിയുള്ള പാലക്കുഴി മിനി ജലവൈദ്യുതപദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മീൻവല്ലം പദ്ധതിയിൽനിന്ന് പുറത്തേക്ക് ടെയിൽറേസ് വഴി ഒഴുകുന്ന വെള്ളം ഉപയോഗിച്ച് ആർക്ക്മീഡിയൻ സ്ക്രൂ ടർബൈൻ സ്ഥാപിച്ച് 40 കിലോവാട്ട് പ്രവർത്തനശേഷിയുള്ള ഒരു മൈക്രോ പദ്ധതിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളി പഞ്ചായത്തിലെ 4.5 മെഗാവാട്ട് കൂടം പദ്ധതിയും കോട്ടോപ്പാടം പഞ്ചായത്തിലെ 3 മെഗാവാട്ട് ചെമ്പുക്കട്ടി പദ്ധതിയും സർക്കാർ പാലക്കാട് ജില്ലാ പഞ്ചായത്തിന് നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഒരു ജില്ലാ പഞ്ചായത്ത് ഇന്ത്യയിൽ ആദ്യമായി വൈദ്യുതി ഉത്പാദനരംഗത്ത് ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി എന്നത് കണക്കിലെടുത്ത് പാലക്കാട് ജില്ലാ പഞ്ചായത്തിന് 2011 വർഷത്തെയും 2013 വർഷത്തെയും ഭാരത രത്ന രാജീവ്ഗാന്ധി ഗ്രാമസ്വരാജ് അവാർഡ് ലഭിക്കുകയുണ്ടായി.

ലേഖകൻ പാലക്കാട് സ്മാൾ ഹൈഡ്രോ പവർ കമ്പനിയിൽ ചീഫ് എഞ്ചിനീയറാണ്



ഊർജ്ജലാഭത്തിന് എൽ. ഇ. ഡി. തെരുവുവിളക്കുകൾ

ജോൺസൺ ഡാനിയേൽ കവർസ്റ്റോറി

തെരുവുവിളക്കുകൾ വാങ്ങുന്നതും പരിപാലിക്കുന്നതും അവയുടെ വൈദ്യുതി ബിൽ അടയ്ക്കുന്നതും പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ചുമതലയാണ്. നിലവിൽ തെരുവുവിളക്കുകളായി ഉപയോഗിക്കുന്നത് ട്യൂബുലർ ഫ്ളൂറസെന്റ് ലാമ്പുകളും (40 വാട്ട്) മെർക്കുറി വേപ്പർ ലാമ്പുകളും (70 -150 വാട്ട്) സോഡിയം വേപ്പർ ലാമ്പുകളുമാണ് (70–250 വാട്ട്). ഇവയുടെ വൈദ്യുതി ഉപയോഗം വളരെ കൂടുതലും ആയുർദൈർഘ്യം കുറവുമാണ്. ഇവയ്ക്ക് പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി തെരുവുവിളക്കുകൾ ഉപയോഗിക്കുന്നത് വൈദ്യുതി ബിൽ കുറയ്ക്കുന്നതിന് സാധിക്കും.

40 വാട്ട്സിന്റെ ഒരു സിംഗിൾ ട്യൂബ് ലൈറ്റ് ഉപയോഗിക്കുമ്പോൾ 40 വാട്ട് ട്യൂബ് ലൈറ്റിനും 10 വാട്ട് ചോക്കിനും ഉൾപ്പെടെ ആകെ 50 വാട്ട് വൈദ്യുതി ഉപ

തെരുവുവിളക്കുകളിലെ ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും തെരുവുവിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും പരസ്യബോർഡുകളും സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O (P) No. 21/2015/PD തീയതി. 11 ജൂൺ 2015).

എൽ.ഇ.ഡി വിളക്കുകളും മറ്റു വൈദ്യുത വിളക്കുകളുമായുള്ള താരതമ്യം

നിലവിൽ ഉപയോഗിക്കുന്ന ലൈറ്റുകൾ	പകരം ഉപയോഗിക്കാവുന്ന എൽ. ഇ. ഡി. ലൈറ്റുകൾ
സിംഗിൾ ട്യൂബ് (40 വാട്ട്സ്)	20 വാട്ട്സ്
ഡബിൾ ട്യൂബ് (240 വാട്ട്സ്)	40 വാട്ട്സ്
സോഡിയം വേപ്പർ ലാമ്പ്/മെർക്കുറി വേപ്പർ ലാമ്പ് (70 വാട്ട്സ്)	40 വാട്ട്സ്
സോഡിയം വേപ്പർ ലാമ്പ്/മെർക്കുറി വേപ്പർ ലാമ്പ് (150 വാട്ട്സ്)	70 വാട്ട്സ്
സോഡിയം വേപ്പർ ലാമ്പ്/മെർക്കുറി വേപ്പർ ലാമ്പ് (250 വാട്ട്സ്)	100 വാട്ട്സ്

യോഗിക്കപ്പെടുന്നുണ്ട്. ഈ ട്യൂബിന്റെ ഉപയോഗം ഒരു ദിവസം 12 മണിക്കൂർ കണക്കാക്കിയാൽ പ്രതിവർഷം 219 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. 657 രൂപയാണ് വൈദ്യുതി ചാർജ്ജ്. ഇതിനുപകരം 20 വാട്ട്സിന്റെ എൽ.ഇ.ഡി ലൈറ്റ് ഉപയോഗിക്കുകയാണെങ്കിൽ പ്രതിവർഷം 87.6 യൂണിറ്റ് വൈദ്യുതിയാണ് ഉപയോഗിക്കുന്നത്, 262.8 രൂപയാണ് വൈദ്യുതി ചാർജ്ജ്. ഇതുവഴി ഒരു വർഷം ഒരു ലൈറ്റിനുമേൽ 394.2 രൂപ ലാഭിക്കാൻ സാധിക്കും. എൽ.ഇ.ഡി വിളക്കുകളുടെ വാറണ്ടി കാലയളവ് 3 വർഷമാണ്. ഇതുമൂലം

3 വർഷത്തേക്ക് പരിപാലന ചെലവും വരുന്നില്ല .

എൽ.ഇ.ഡി തെരുവുവിളക്കുകൾ ടെണ്ടർ വിളിക്കുമ്പോഴും വാങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ബി.ഐ.എസ്.സർട്ടിഫിക്കേഷൻ അഭികാമ്യമായിരിക്കണം.
   ഐ.എസ്.ഐ സർട്ടിഫിക്കറ്റോടുകൂടിയ എൽ.ഇ.ഡി വിളക്കുകൾ ഇന്ന് ലഭ്യമാണ്. (IS: 16101 - 16108)
2. എൽ.ഇ.ഡി. നിർമ്മാതാക്കൾക്ക് എൽ.എം.80 സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം.
3. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറി അംഗീകാരമുള്ള ലാബുകളിൽ ടോട്ടൽ പവർ, പവർ ഡ്രൈവ് കറന്റ്, പവർഫാക്ടർ, ടോട്ടൽ ഹാർമോണിക്സ് ഡിസ്റ്റോർഷൻ എന്നിവ ടെസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ
4. ഫോട്ടോ ബയോളജിക്കൽ സേഫ്റ്റി സർട്ടിഫിക്കറ്റ്
5. സർജ് വോൾട്ടേജ് 4 kV ടെസ്റ്റ് സർട്ടിഫിക്കറ്റ്

തെരുവുവിളക്കുകളിലെ ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും തെരുവുവിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും പരസ്യബോർഡുകളും സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (G.O (P) No. 21/2015/PD തീയതി. 11 ജൂൺ 2015).

ഇന്ന് നഗര ഗ്രാമ വ്യത്യാസമില്ലാതെ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. ഇവയുടെ പരിപാലന ചെലവും വൈദ്യുതി ചാർജ്ജും വളരെ കൂടുതലാണ്. ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ എൽ.ഇ.ഡി അധിഷ്ഠിതമായവ തന്നെ സ്ഥാപിക്കുവാൻ ശ്രദ്ധിക്കണം.

ലേഖകൻ തിരുവനന്തപുരം
എനർജി മാനേജ്മെന്റ് സെന്ററിൽ എനർജി ടെക്നോളജിസ്റ്റാണ്

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ച
വരൾച്ച പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ

ഡോ. ശേഖർ എൽ. കുര്യാക്കോസ്

ഭാഗം 2

വടക്കുകിഴക്കൻ കാലവർഷം നിലവിൽ ശക്തിപ്പെടാത്തതു കാരണം കേരളത്തിൽ സാധാരണ ജീവിതത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കാവുന്ന വരൾച്ചയ്ക്ക് സാധ്യതയുണ്ട്. ഇത് 2017 മെയ് മാസം വരെ നീണ്ടുനിൽക്കുവാനും സാധ്യതയുണ്ട്.

എല്ലാവർക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിന് പൊതുസമൂഹം ചില ബുദ്ധിമുട്ടുകൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സന്നദ്ധരാകേണ്ടിയിരിക്കുന്നു. ഈ വിഷയങ്ങൾ പരിഗണിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. ജലഉപയോഗം കുറയ്ക്കുക. പുനരുപയോഗത്തിന് ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക.
2. വെള്ളം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം പാലിക്കുക-കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തുമൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന് – ഈ ക്രമം 2017 മെയ് മാസം വരെ പാലിക്കുക.
3. പരമ്പരാഗത സ്ഥിരജലസ്രോതസ്സുകൾ ഇല്ലാത്ത ഗ്രാമങ്ങൾക്ക് വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകുക
4. ജില്ലാ കളക്ടർ അടിയന്തരമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിക്കേണ്ടതും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഡെപ്യൂട്ടി കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ഓരോ താലൂക്കുകളുടെയും ചുമതല നൽകാവുന്നതാണ്.
5. ചില സ്ഥലങ്ങളിൽ ചില തത്പര സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, കടകൾ, ഹോട്ടലുകൾ തുടങ്ങിയവ നിയമവിരുദ്ധമായി ജലം ചോർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ പരിശോധനകൾ നടത്തണം. പൊതുജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരിക്കണം.
6. വരൾച്ചയെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കണം. കൂടുതൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കുടിവെള്ളം ഒരു കാരണവശാലും വാഹനങ്ങൾ കഴുകുന്നതിന് ഉപയോഗിക്കരുത്. വെള്ളം പുനരുപയോഗിക്കുന്നത് ഒരു സ്വഭാവമായി മാറേണ്ടതുണ്ട്. ഉദാ. അടുക്കളയിൽ നിന്ന് പുറത്തുകളയുന്ന വെള്ളം ചെടികൾ നനയ്ക്കുന്നതിന് വിനിയോഗിക്കാം.

സംസ്ഥാന ദുരന്തലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ) അതാതു തദ്ദേശഭരണസ്ഥാപനങ്ങളോട് ആലോചിച്ചതിനുശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജലഅതോറിറ്റി സ്രോതസുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യമനുസരിച്ച് എത്തിക്കുക. ടാങ്കർ ലോറിയിലൂടെയുള്ള ജലവിതരണം പരമാവധി ഈ കിയോസ്ക്കുകളിലേക്ക് പരിമിതപ്പെടുത്തണം.

7. സംസ്ഥാന ദുരന്തലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ) അതാതു തദ്ദേശഭരണസ്ഥാപനങ്ങളോട് ആലോചിച്ചതിനുശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജലഅതോറിറ്റി സ്രോതസുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യമനുസരിച്ച് എത്തിക്കുക. ടാങ്കർ ലോറിയിലൂടെയുള്ള ജലവിതരണം പരമാവധി ഈ കിയോസ്ക്കുകളിലേക്ക് പരിമിതപ്പെടുത്തണം. ഇതിനാവശ്യമായ തുക ജില്ലാ നിർമിതി കേന്ദ്രത്തെയോ വാട്ടർ അതോറിറ്റിയെയോ പൊതുമരാമത്തു വകുപ്പിനെയോ ഉപയോഗിച്ച് കണക്കാക്കിയതിനുശേഷം സർക്കാർ അനുമതിക്കായി സമർപ്പിക്കുക.
8. ഒരു പ്രദേശത്ത് ജലലഭ്യത ഇല്ലാതാകുകയും അത്തരം പ്രദേശത്ത് ശുദ്ധജല കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യമെങ്കിൽ മാത്രമേ ടാങ്കർ മുഖാന്തരം ജലവിതരണം നടത്താൻ പാടുള്ളൂ. ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കാവൂ. ഓരോ വാഹനത്തിനും ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്. ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കറുകളിൽ ജി.പി.എസ് ഘടിപ്പിച്ച് ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം നിരീക്ഷിക്കുകയും ജി.പി.എസ്-ൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം യാത്രയ്ക്കുള്ള പണം നൽകുക വേണം. വരൾച്ച കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പാക്കേണ്ടതാണ്.
9. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമ്മാണ/മരാമത്ത് പണികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി. കുടിവെള്ളം ഉറപ്പുവരുത്തുവാൻ നടത്താവുന്നതാണ്. ജില്ലാ കളക്ടർക്ക് രണ്ടു ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾവരെ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്താവുന്നതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് ജില്ലയ്ക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ 10%ൽ കൂടുതൽ ചെലവാക്കരുത്.
10. കേരള സംസ്ഥാന ജലവിതരണ നിയമം 2008, സെക.38 എ (2), 46 (ബി), 52 (എ), 61 (എ) എന്നിവ പാലിക്കേണ്ടതാണ്. ഇത് നടപ്പിലാക്കേണ്ടതിനായി റവന്യു, പോലീസ്, തദ്ദേശസ്വയംഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധനാ ടീമിനെ നിയമിക്കാവുന്നതാണ്.
11. സ്ഥിര ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെ മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.
12. തൊഴിലുറപ്പു പദ്ധതിയിലെ ഫണ്ടിൽ നിന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് സാദ്ധ്യതകൾ ആരായാവുന്നതാണ്.
13. ജലവിതരണത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ ജലമലിനീകരണം ഇല്ല എന്നും, ഉപയോഗ്യമാണെന്നും കേരള ജല അതോറിറ്റിയോ ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
14. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജലനിധിയും ജലദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക. തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഭൂവുടമകളും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ടു ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക. എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക.
15. വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണം. വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാൽ വൃത്തിയാക്കുവാനും കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പു (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് നടത്തേണ്ടതാണ്. പുറമേ, പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും ((NSS, NCC, Scouts & Guides, Nehru Yuva Kendra etc.), ക്ളബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കണം.
16. സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തരമായി

ഒരു മാസത്തിനുള്ളിൽ അതാതു വകുപ്പുകൾ തന്നെ പണം ചെലവഴിച്ചു പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

17. ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷിവകുപ്പ് കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജലസേചനത്തേക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.
18. കനാൽ മാർക്ഷമുള്ള ജലസേചനത്തിനുമുമ്പായി ജലസേചന വകുപ്പും ഭൂഗർഭ ജലവകുപ്പും, കേരള ജല അതോറിറ്റിയുമായി ആലോചിച്ച് അവരുടെകൂടെ സമ്മതത്തോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.
19. ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ചുകൂട്ടേണ്ടതും കുട്ടികളെ വരൾച്ചയെകുറിച്ചും സൂര്യാഘാതം, താപാഘാതം എന്നിവയെകുറിച്ചും ബോധവൽക്കരിക്കേണ്ടതുമാണ്. ഇതിനായി ഭൂമിശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകരെ ചുമതലപ്പെടുത്താവുന്നതാണ്.

വരൾച്ചയും കേന്ദ്ര/സംസ്ഥാന ദുരന്തപ്രതികരണ നിധിയും

കേന്ദ്ര ഫിനാൻസ് കമ്മീഷൻ ശുപാർശ പ്രകാരം 5 വർഷത്തേക്ക് (2015-20) ഓരോ വർഷവും ശരാശരി 200 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ ലഭിക്കും. പ്രസ്തുത നിധിയിൽ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. പ്രസ്തുത നിധിയുടെ വിനിയോഗനിയന്ത്രണം, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ്. കേന്ദ്ര ആഭ്യന്തരവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് വേണ്ടി മാത്രമേ ഈ പണം ചെലവഴിക്കുവാൻ സാധിക്കുകയുള്ളൂ.

1. കുടിവെള്ളവിതരണം - സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന തോതിൽ പരമാവധി 90 ദിവസം വരെ
2. കൃഷിനാശം - 33%ത്തിലധികം വിളനാശം ഉണ്ടായാൽ ചെറുകിട കർഷകർക്കുള്ള (2 ഹെക്ടറിൽ കുറവ് സ്ഥലമുള്ളവർ) സഹായം.
3. രണ്ട് ഹെക്ടർ സ്ഥലത്തിലധികമുള്ള കർഷകർക്കുള്ള സഹായം (33%ത്തിലധികം വിളനാശം ഉണ്ടായാൽ പരമാവധി 2 ഹെക്ടർ വരെ പരിമിതപ്പെടുത്തി)
4. ചെറുകിട - ഇടത്തരം കർഷകരുടെ വളർത്തു മൃഗങ്ങളും പക്ഷികളും നഷ്ടപ്പെടുമ്പോൾ (മൃഗസംരക്ഷണ വകുപ്പ് സർട്ടിഫിക്കറ്റോടുകൂടി).
5. വളർത്തു പക്ഷികൾക്ക്
6. ക്യാമ്പിൽ പാർപ്പിക്കുന്ന മൃഗങ്ങൾക്കുള്ള വാക്സിൻ, മരുന്നുകൾ, വൈക്കോൽ എന്നിവയ്ക്കും തീറ്റയും വെള്ളവും കൊണ്ടുവരുന്നതിനും.

കേന്ദ്ര ദുരന്തപ്രതികരണനിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിതീവ്രമായ അവസ്ഥയിൽ, സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുവാനാണ് ഇത്തരം സഹായം ലഭിക്കുക. കേന്ദ്ര ദുരന്തപ്രതികരണനിധിയിൽ നിന്നും അധിക സഹായം ലഭ്യമാക്കുവാൻ ആവശ്യമായ നടപടിക്രമം ചുവടെ ചേർക്കുന്നു.

1. കേന്ദ്ര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വരൾച്ച പ്രഖ്യാപിക്കണം.
2. നിലവിൽ ലഭ്യമായ തുക വരൾച്ച പ്രതികരണത്തിന് പര്യാപ്തമല്ല എന്ന വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആയ റവന്യൂദുരന്തനിവാരണ വകുപ്പ് സെക്രട്ടറിക്ക് മെമ്മോറാണ്ടം സമർപ്പിക്കണം.

വരൾച്ചാതീവ്രതയും കേരളവും

കേരളത്തിൽ വരൾച്ച തീവ്രമാകുന്നതിനു കാലാവസ്ഥാ വ്യതിയാനത്തിനു നേരെ മാത്രം വിരൽചൂണ്ടുന്നതിൽ അർഥമില്ല. ശരിയാണ്, മഴ ഇല്ലാത്ത ദിവസങ്ങൾ വർധിക്കുന്നുണ്ട്, കാലവർഷം ആരംഭിക്കാൻ വൈകുന്നുണ്ട്. മഴയുടെ അളവുകൾ കുറയുന്നുണ്ട്. ഇതൊക്കെ ശാസ്ത്രീയമായി അംഗീകരിച്ചിട്ടുമുണ്ട്.

പക്ഷെ മഴക്കൂടുതൽ ലഭിക്കുന്ന വർഷങ്ങളിലും പ്രദേശങ്ങളിലും പലപ്പോഴും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. എന്താണിതിനു കാരണം എന്ന് അന്വേഷിക്കുമ്പോൾ പ്രകൃതിയിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ മലയാളികൾ തയ്യാറാകുന്നില്ല എന്ന് മനസ്സിലാകും. നമ്മുടെ ഭൂവിനിയോഗ രീതികൾ വരൾച്ചാ സാധ്യത വർധിപ്പിക്കുന്ന രീതിയിലാണ്. ശുദ്ധജല സ്രോതസ്സുകൾ മലിനപ്പെടുത്തുന്നതിൽ നമുക്ക് ഒട്ടും ലജ്ജയില്ല.

പഴമക്കാർ വീടിന്റെ മേൽക്കൂരയിൽ വീഴുന്ന വെള്ളം വീടിനുള്ളിൽ തന്നെ നടുത്തളത്തിൽ ഭൂമിയിലേക്ക് ഇറങ്ങാൻ അനുവദിച്ചിരുന്നു. കർഷകർ അവരുടെ കൃഷി ഭൂമിയിലും പരിസരത്തും ലഭിക്കുന്ന ഒരു തുള്ളിപോലും പാഴാകാതിരിക്കുവാൻ കുളങ്ങളിലും മറ്റും പരമാവധി ജലം ശേഖരിച്ചുവെയ്ക്കുവാൻ ശ്രദ്ധിച്ചിരുന്നു. എന്നാൽ ഇന്ന് ഒരു തുള്ളി വെള്ളം പോലും സ്വന്തം വീടിന്റെ പരിസരത്തെങ്ങും ആഴ്ന്നിറങ്ങരുത് എന്ന ചിന്തയോടുകൂടി വീടുകളുടെ മുറ്റം പൂർണമായും കോൺക്രീറ്റ് ചെയ്യുകയാണ് നമ്മുടെ രീതി. മുൻപ് ഭൂമിയിൽ ആഴ്ന്നിറങ്ങിയിരുന്ന ജലം ഇന്ന് നിരത്തുകളിലും നദികളിലും അതിവേഗം എത്തുകയും ഭൂജലത്തിലേക്ക് ചെന്നെത്താതെ പാഴായി പോകുകയുമാണ്. ഇങ്ങനെ ഒഴുകിപ്പോകുന്ന ജലത്തിന്റെ 30% എങ്കിലും മണ്ണിൽ ആഴ്ന്നിറങ്ങിയിരുന്നതാണെന്ന് ഓർത്താൽ കേരളത്തിലെ വരൾച്ചയുടെയും കുടിവെള്ള ക്ഷാമത്തിന്റെയും തീവ്രത വർധിപ്പിക്കുന്നതിൽ നമ്മുടെ പങ്ക് വ്യക്തമാകും.

നെൽവയലുകളും കുളങ്ങളും ജലസംഭരണികളും കുന്നുകളും സംരക്ഷിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടത് സർക്കാരിന്റെ മാത്രം ഉത്തരവാദിത്തമല്ല. ഇത് സമൂഹത്തിന്റെ ഭാവി സുരക്ഷയെ മുൻനിർത്തിയുള്ള ആവശ്യകതയാണെന്ന് മനസിലാക്കിയുള്ള കൂട്ടായ പ്രവർത്തനമാണ് കാലത്തിന്റെ ആവശ്യകത. സാമൂഹികമായ മനോഭാവമാറ്റവും ജീവിത ശൈലിയിൽ മാറ്റവും ഉണ്ടായാൽ മാത്രമേ കേരളത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ ജല സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാലവർഷത്തിനു മുന്നോടിയായി കുടയും മറ്റും വാങ്ങി തയ്യാറാകുന്നതുപോലെ, കേരളത്തിലെ ഓരോ വീടും ജലസുരക്ഷ ഉറപ്പുവരുത്തുവാൻ മഴക്കാലത്തുതന്നെ തയ്യാറെടുക്കുകയാണ് വേണ്ടത്.

ഈ വസ്തുത ഉൾക്കൊണ്ടുകൊണ്ടാണ് മുഖ്യമന്ത്രി സാമൂഹിക സംഘടനകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതും ഹരിത കേരളം പദ്ധതിയിൽ ജല-പരിസ്ഥിതി സംരക്ഷണം ഊന്നിയുള്ള അവബോധ പ്രവർത്തനങ്ങൾ ഉണ്ടാകും എന്ന് തീരുമാനിച്ചിട്ടുള്ളതും.

വരൾച്ച പ്രതിരോധം – അനുകരണീയമായ പ്രവൃത്തികൾ

ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുവാൻ ജലവർഷിണി, മഴപ്പൊലിമ എന്നീ പദ്ധതികൾ ദുരന്തനിവാരണ അതോറിറ്റി നടത്തിവരുന്നു.

തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഭൂജല സംരക്ഷണ – മഴവെള്ള സംഭരണ പദ്ധതിയാണ് മഴപ്പൊലിമ. സർക്കാരിന്റെയും പ്രാദേശിക ഭരണകൂടത്തിന്റെയും വ്യക്തിയുടെയും കൂട്ടായുള്ള സാമ്പത്തിക സഹായത്തോടുകൂടി ശരാശരി 5,000 രൂപയ്ക്ക് 24,000 വീടുകളിൽ മഴവെള്ള സംഭരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. സംഭരണികൾ നിറഞ്ഞതിനു ശേഷമുള്ള ജലം ഭൂമിയിൽ ആഴ്ന്നിറങ്ങാനുള്ള സംവിധാനവും ഈ പദ്ധതിയിൽ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ഭൂജലത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

വിവിധ പ്രദേശങ്ങളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നടത്തിവരുന്ന ജല സംരക്ഷണ പ്രവർത്തനങ്ങളെ ജലവർഷിണി എന്ന പേരിൽ വിളിക്കുന്നു. എറണാകുളം ജില്ലയിൽ നടപ്പാക്കിയ 'എന്റെ കുളം എറണാകുളം പദ്ധതി' ജലവർഷിണി എന്ന സമഗ്ര പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിവഴി എറണാകുളം കേന്ദ്രീകരിച്ചുള്ള facebook കൂട്ടായ്മയായ 'അമ്പോടു കൊച്ചി' എന്ന സന്നദ്ധ സംഘത്തിന്റെ സഹായത്തോടുകൂടി ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള 51 കുളങ്ങൾ വൃത്തിയാക്കി ശുദ്ധജല സംഭരണത്തിന് യോഗ്യമാക്കി. കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ 'കുളം കോരൂ ബിരിയാണി തരാം' പദ്ധതിയും ഇതിന്റെ ഭാഗമായി നടപ്പാക്കിയ ഉപപദ്ധതികളാണ്. വയനാട് ജില്ലയിൽ ഇതേ പദ്ധതിയുടെ പണം ഉപയോഗപ്പെടുത്തി 135 തടയണകൾ 2015-16 ൽ സൃഷ്ടിച്ചു.

മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതി സാമ്പത്തിക സഹായത്തോടെയും 516 തടയണകൾ 2012-13-ൽ സൃഷ്ടിച്ചു. പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ മാത്രമുപയോഗിച്ചാണ് ഈ തടയണകൾ നിർമ്മിച്ചത്.

2012-13 കാലഘട്ടത്തിലെ വരൾച്ച പ്രതികരണ പദ്ധതിയുടെ ഭാഗമായി വരൾച്ച നിരീക്ഷണ സെൽ ശുപാർശ ചെയ്തതാണ് ശുദ്ധജല കിയോസ്കുകൾ. കേരളത്തിൽ കുടിവെള്ള വിതരണത്തിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ നിയന്ത്രിക്കാൻ ഏറ്റവും ലളിതമായ പദ്ധതി എന്ന നിലയിലാണ് ഇത് ശുപാർശ ചെയ്തത്. ഒരു വാർഡിൽ നിശ്ചിത സ്ഥലങ്ങളിൽ ശുദ്ധജലം നൽകുവാൻ കിയോസ്കുകൾ സ്ഥാപിക്കുകയും വാട്ടർ അതോറിറ്റി അംഗീകൃത ശുദ്ധജല സ്രോതസ്സുകളിൽ നിന്നും ജില്ലാ ഭരണകൂടത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ആവശ്യമായ അളവിൽ ഇതിലേക്ക് ജലമെത്തിക്കുകയും ചെയ്യുക. കുടിക്കുവാനും ഭക്ഷണം പാകം ചെയ്യുവാനും എപ്പോഴും എല്ലാ പ്രദേശത്തും ശുദ്ധമായ ജലം ലഭ്യമാക്കുവാനും ജലം ടാങ്കർ ലോറികളിൽ കൊണ്ടുപോയി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഇല്ലാതാക്കുവാനും കിയോസ്കുകൾ വ്യാപകമാക്കുക വഴി സാധിക്കും.പൊതു സ്ഥലത്ത് സ്ഥാപിക്കുക വഴി വ്യക്തികൾക്കും ജലം ദുരുപയോഗം ചെയ്യുവാൻ ഉള്ള സാഹചര്യം കുറയും. കേരളത്തിൽ നിലവിലുള്ള 764 കിയോസ്കുകൾ തമ്മിലുള്ള ദൂരം നിശ്ചിതമായതിനാൽ അനാവശ്യമായി ടാങ്കർ ലോറികൾക്ക് കൂടുതൽ ദൂരം സഞ്ചരിച്ചതായി രേഖപ്പെടുത്തുവാൻ സാധിക്കില്ല. കൂടാതെ ജി.പി.എസ് മുഖാന്തരം ഇവയുടെ സഞ്ചാരം നിരീക്ഷിക്കുകയും ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. 2012 ൽ കണ്ണൂർ ജില്ലയിലാണ് കേരളത്തിൽ ആദ്യമായി കിയോസ്കുകൾ സ്ഥാപിച്ചത്. ആലപ്പുഴ ജില്ലയിൽ ജലവിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറികളിൽ ജി.പി.എസ് ഘടിപ്പിച്ച് നിരീക്ഷിക്കുകയും ജി.പി.എസ്-ൽ രേഖപ്പെടുത്തുന്ന ദൂരം ഒത്തുനോക്കുകയും ചെയ്തതിനുശേഷം മാത്രമാണ് ജലവിതരണത്തിന്റെ പണം അനുവദിക്കുന്നത്.

ലേഖകൻ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയാണ്

(അവസാനിച്ചു)

ജി. ഹരികൃഷ്ണൻ

ഓർമ്മയിൽ ബൽവന്ത്റായ് മേത്ത

സാമൂഹ്യവികസനം ഫലപ്രദമാക്കാൻ അധികാര വികേന്ദ്രീകരണം അനിവാര്യമാണെന്ന് കണ്ടെത്തി, താഴെത്തട്ടിൽ ഗ്രാമപഞ്ചായത്തും ഇടത്തട്ടിൽ ബ്ലോക്ക് പഞ്ചായത്തും മേൽത്തട്ടിൽ ജില്ലാപഞ്ചായത്തും അടങ്ങുന്ന ത്രിതല പഞ്ചായത്ത്രാജ് സംവിധാനം ഇന്ത്യയിൽ ആദ്യമായി വിഭാവനം ചെയ്ത യശ:ശ്ശരീരനായ ശ്രീ.ബൽവന്തറായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) എല്ലാ വർഷവും പഞ്ചായത്ത് ദിനമായി ആഘോഷിച്ചുവരുന്നു. കേരളത്തിൽ ഈ വർഷം കണ്ണൂർ ജില്ലയിൽ വെച്ചാണ് സംസ്ഥാനതല ആഘോഷപരിപാടികൾ നടക്കുന്നത്.

1952ൽ കേന്ദ്രസർക്കാർ നടപ്പാക്കിയ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ടുകൾ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന സ്ഥാപനങ്ങളുടെ അഭാവം കാരണം പരിപൂർണ്ണ വിജയമായിരുന്നില്ല. കൃഷി, ജലസേചനം, വിദ്യുച്ഛക്തി, വ്യവസായിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിയ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ (1956-61) സാമൂഹ്യ വികസനപ്രവർത്തനങ്ങൾക്കും വളരെയധികം പ്രാധാന്യം നൽകിയിരുന്നു. ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയാൽ പദ്ധതികളുടെ നടത്തിപ്പിലും വിജയത്തിലും അവർ ബദ്ധശ്രദ്ധരായിരിക്കുമെന്ന അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ജനശക്തിയെ രാഷ്ട്രനിർമ്മാണത്തിനും സാമൂഹ്യവികസനത്തിനും എപ്രകാരം ഉപയോഗിക്കാമെന്നത് സംബന്ധിച്ചു വിശദമായ പഠനം നടത്തുവാൻ ആസൂത്രണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതുപ്രകാരം 1957 ജനുവരിയിൽ സാമൂഹ്യവികസനപദ്ധതികളുടെയും ദേശീയ വ്യാപന സർവ്വീസുകളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ചും ജില്ലാഭരണത്തിന്റെ പുന:സംഘടനയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയോഗിച്ചു. ശ്രീ.ബൽവന്ത്റായ് മേത്തയായിരുന്നു സമിതിയുടെ അദ്ധ്യക്ഷൻ. ഡോ.ശങ്കർദയാൽ ശർമ്മ, ആർ.കെ.ത്രിവേദി, ജി.രാമചന്ദ്രൻ, ബി.ജി.റാവു, ഡി.പി.സിംഗ് എന്നിവരായിരുന്നു കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

1958 ഡിസംബറിൽ മേത്ത കമ്മിറ്റി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ജനപങ്കാളിത്തത്തോടെ ഗ്രാമങ്ങളുടെ പുനരുദ്ധാരണം സാധിതമാക്കുന്നതിന് മികവുറ്റ നിർദ്ദേശങ്ങൾ കമ്മിറ്റി മുന്നോട്ടുവെച്ചു. ഗ്രാമതലത്തിലെ ഭരണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയില്ലെങ്കിൽ സാമൂഹ്യവികസനം ഉൾപ്പെടെയുള്ള വികസനപരിപാടികൾ തകിടം മറിയുമെന്ന് കമ്മിറ്റി മുന്നറിയിപ്പ് നൽകി. ആസൂത്രിത വികസനം ഗ്രാമതലത്തിൽ ത്വരിതപ്പെടുത്തണമെന്നും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ അധികാരവികേന്ദ്രീകരണം എന്ന മുദ്രാവാക്യം മുഖമുദ്രയായി സ്വീകരിക്കണമെന്നും കമ്മിറ്റി നിർദ്ദേശിച്ചു.

ത്രിതലപഞ്ചായത്ത് ഭരണസംവിധാനമാണ് മേത്ത കമ്മിറ്റി വിഭാവനം ചെയ്തിരുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ ആധാരശില ബ്ലോക്കുകളായിരിക്കണമെന്നായിരുന്നു കമ്മിറ്റിയുടെ നിർദ്ദേശം. താഴെതട്ടിലെ ഗ്രാമപഞ്ചായത്തിന്റെ ഭരണസാരഥ്യം പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊളളുന്ന ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികളിൽ നിക്ഷിപ്തമാക്കുവാനും ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളിൽ നിന്നും തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സമിതി രൂപീകരിക്കുവാനും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും നിയ

മസഭാംഗങ്ങളും ലോകസഭാംഗങ്ങളും പ്രധാനപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരും അടങ്ങുന്ന ജില്ലാപഞ്ചായത്ത് രൂപീകരിക്കാനുമാണ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. ഭരണപരമായ കാര്യങ്ങൾ സുഗമമായി നടത്തുവാൻ വേണ്ടുന്ന ധനാഗമ മാർഗ്ഗങ്ങളും അധികാരാവകാശങ്ങളും ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കണമെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. മേത്ത കമ്മിറ്റി ശുപാർശ ചെയ്ത 'ജനാധിപത്യപ്രക്രിയയിലൂടെ അധികാരവികേന്ദ്രീകരണം' ദേശീയ വികസനസമിതി അംഗീകരിക്കുകയും, റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഘടന തീരുമാനിക്കുവാനുള്ള അധികാരം അതാത് സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാക്കിയിരുന്നു. അങ്ങനെ 1959 ലെ ഗാന്ധിജയന്തി ദിനത്തിൽ രാജസ്ഥാനിലെ നാഗോർ ആദ്യത്തെ പഞ്ചായത്ത് രാജ് സ്ഥാപനമായി നിലവിൽ വന്നു. അന്ന് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രുവായിരുന്നു അതിന്റെ ഉത്ഘാടനം നിർവ്വഹിച്ചത്. തുടർന്ന് മേഘാലയ, മിസോറാം, നാഗാലാന്റ് എന്നിവ ഒഴിച്ചുള്ള സംസ്ഥാനങ്ങളിലും ലക്ഷദ്വീപ് ഒഴിച്ചുള്ള കേന്ദ്രഭരണപ്രദേശങ്ങളിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിലവിൽ വന്നു. വർഷങ്ങൾക്കുശേഷം 1993ൽ പ്രാബല്യത്തിൽ വന്ന പ്രഖ്യാതമായ 73-ാം ഭരണഘടനാഭേദഗതിക്ക് മാർഗ്ഗദർശകമായ റിപ്പോർട്ട് രാഷ്ട്രത്തിന് സമർപ്പിച്ച ഈ മഹാനുഭാവന്റെ ജീവിത വഴികൾ പരിചയപ്പെടാം.

ഗുജറാത്തിലെ സൗരാഷ്ട്രമേഖലയിൽപ്പെട്ട ഭവനഗറിലെ ഒരിടത്തരം കുടുംബത്തിൽ 1899 ഫെബ്രുവരി 19ന് ബൽവന്തറായ് ജനിച്ചു. ശ്രീമതി സവീർബന്നും ഒരു റയിൽ ജീവനക്കാരനായിരുന്ന ശ്രീ. ഗോപാൽജി ത്രിഭുവൻ ദാസുമാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. 1938 ഏപ്രിൽ 19 ന് ശ്രീമതി സരോജിനിബന്നിനെ അദ്ദേഹം വിവാഹം ചെയ്തു.

ബാല്യത്തിൽ തന്നെ പുസ്തകവായനയിൽ അതീവതല്പരനും പഠിക്കുവാൻ സമർത്ഥനുമായിരുന്ന അദ്ദേഹം മെട്രിക്കുലേഷൻ ഒന്നാം ക്ലാസ്സോടെ വിജയിച്ചു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നും 1920ൽ ബി.എ പരീക്ഷ ജയിച്ച അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആഹ്വാനപ്രകാരം ഡിഗ്രി ഉപേക്ഷിച്ചു. അനന്തരം ഗുജറാത്ത് വിദ്യാപീഠത്തിൽ നിന്നും ഡിഗ്രി സമ്പാദിച്ചു. മഹാത്മജിയുടെ തത്വസംഹിതകളിൽ ആകൃഷ്ടനായ അദ്ദേഹം സമൂഹത്തിലെ തിന്മകൾക്കെതിരെ പോരാടുന്നതിനുള്ള ശ്രമങ്ങളിലായിരുന്നു പിന്നീട് ഏർപ്പെട്ടത്. 1921ൽ ഭവനഗർ പ്രജാമണ്ഡൽ രൂപീകരിക്കുകയും ഭവനഗർ മഹിളാ വിദ്യാലയസൗരാഷ്ട്ര സേവാസമിതി, വിദ്യാസഭ, ഭവനഗർ പ്രജാപരിഷത്, ആൾ ഇന്ത്യാ സ്റ്റേറ്റ്സ് പീപ്പിൾസ് കോൺഫറൻസ്, തക്കർ ബാപ്പാ ഹരിജനാശ്രമം, കത്തിയവാർ പൊളിറ്റിക്കൽ കോൺഫറൻസ് തുടങ്ങിയ വൈവിധ്യമാർന്ന മണ്ഡലങ്ങളിൽ പ്രവർത്തിക്കുകയുമുണ്ടായി.

1923ൽ ഭവനഗർ സംസ്ഥാനത്ത് ആദ്യമായി പ്രായപൂർത്തിവോട്ടവകാശത്തിലൂടെയുള്ള മുനിസിപ്പൽ തെരഞ്ഞെടുപ്പിലൂടെ സജീവരാഷ്ട്രീയപ്രവർത്തനം ആരംഭിച്ച അദ്ദേഹം, മഹാത്മജിയുടെ നിർദ്ദേശാനുസരണം ഡൊളേറയിലേക്ക് ഉപ്പ് സത്യാഗ്രഹസംഘത്തെ നയിക്കുകയും അനന്തരം സ്വാതന്ത്ര്യസമരത്തിൽ സജീവമായി ഏർപ്പെടുകയും ചെയ്തു. സ്വാതന്ത്ര്യ സമരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏഴ് വർഷക്കാലം അദ്ദേഹം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്.

> 1965 ലെ ഇന്ത്യ–പാകിസ്ഥാൻ യുദ്ധത്തോടനുബന്ധിച്ച് പത്നീസമേതനായി സംസ്ഥാനാതിർത്തി സന്ദർശിച്ച വേളയിൽ അദ്ദേഹം സഞ്ചരിച്ചിരുന്ന യാത്രാവിമാനം ശത്രുസൈന്യം വെടിവച്ച് വീഴ്ത്തുകയും 1965 സെപ്റ്റംബർ 9ന് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നോട്ട് പോയ സംസ്ഥാനമാണ് കേരളം.

1946ൽ ഭവനഗർ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിക്കുകയും പ്രതിപക്ഷനേതാവാകുകയും ചെയ്തു. 1948ൽ സൗരാഷ്ട്ര സംസ്ഥാനത്തിന്റെ ഉപമുഖ്യമന്ത്രിയായും 1946 മുതൽ 50 വരെ ഇന്ത്യൻ നിയമനിർമ്മാണസഭയിൽ അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1952 ൽ ലോകസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1958-59ൽ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായും 1958 മുതൽ 1961 വരെ ആൾ ഇന്ത്യ പഞ്ചായത്ത് പരിഷത്തിന്റെ സ്ഥാപകാദ്ധ്യക്ഷനായും സേവനമനുഷ്ഠിച്ചു.

പ്രധാനമന്ത്രിയായിരുന്ന ശ്രീ.ജവഹർലാൽ നെഹ്രുവിന്റെ നിർദ്ദേശാനുസരണം ഇന്ത്യൻ സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യസമരചരിത്രം തയ്യാറാക്കുന്നതിനുള്ള എഡിറ്റോറിയൽ ബോർഡിന്റെ അദ്ധ്യക്ഷനായും അദ്ദേഹം നിയോഗിക്കപ്പെട്ടു. കൂടാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി അംഗമായും ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ.ബൽവന്ത്റായ് മേത്ത 1963ൽ ഗുജറാത്ത് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു.

1965 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തോടനുബന്ധിച്ച് പത്നീസമേതനായി സംസ്ഥാനാതിർത്തി സന്ദർശിച്ച വേളയിൽ അദ്ദേഹം സഞ്ചരിച്ചിരുന്ന യാത്രാവിമാനം ശത്രുസൈന്യം വെടിവച്ച് വീഴ്ത്തുകയും 1965 സെപ്റ്റംബർ 9ന് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നോട്ട് പോയ സംസ്ഥാനമാണ് കേരളം. അതു കൊണ്ടുതന്നെ കേരള ജനതയുടെ മനസ്സിൽ ശ്രീ.ബൽവന്ത്റായ് മേത്തയുടെ ഓർമ്മ എന്നുമെന്നും മായാതെ നിലനിൽക്കും.

(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ പബ്ലിസിറ്റി ഓഫീസറാണ്)



ടി.ഷാഹുൽഹമീദ്

പേപ്പർരഹിതമാക്കാം പഞ്ചായത്തുകൾ

ജനനം മുതൽ ജീവിതാന്ത്യം വരെയുള്ള മനുഷ്യാവസ്ഥകൾ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. മുഴുവൻ സേവനങ്ങളും ഓൺലൈനായി നൽകാൻ സാഹചര്യമുള്ള നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ ജനകീയത കൈവരിക്കുവാൻ പേപ്പർരഹിതസംവിധാനം ഏർപ്പെടുത്തി ഡിജിറ്റൽ ഗ്രാമപഞ്ചായത്ത് ആകാവുന്നതാണ്.

1980ൽ തന്നെ കടലാസ്രഹിതഓഫീസ് എന്ന ആശയം ഉടലെടുത്തിരുന്നു. ആദ്യഘട്ടത്തിൽ രേഖകൾ ഡിജിറ്റലൈസ് ചെയ്തു. തുടർന്ന് ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ സാമ്പ്രദായിക ഓഫീസ് സംവിധാനം അടിമുടി മാറി. കടലാസ് ഇല്ലാതെയുള്ള ഫയൽ ഇടപാടുകൾ വർദ്ധിച്ച് വരികയാണ്. ലോകം അതിവേഗം വിജ്ഞാനാധിഷ്ഠിത വ്യവസ്ഥയിലേക്ക് നീങ്ങുകയാണ്. അറിവ് വിനിമയം നടത്തുവാനും വിവരസാങ്കേതികവിദ്യ വിപണനം ചെയ്യുവാനുമുള്ള കടലാസ്രഹിത പഞ്ചായത്തിനെ ജനം ഇരുകൈയ്യും നീട്ടി സ്വീകരിക്കുക തന്നെ ചെയ്യും.

വ്യവസായവൽക്കരണത്തിന്റെ ഉൽപ്പന്നമായ ആഗോളതാപനം ഒരു പരിധി വരെ കുറയ്ക്കുവാൻ പേപ്പർരഹിതസംവിധാനം കൊണ്ട് സാധിക്കുന്നതാണ്. ഓഫീസ് രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതോടെ ചെലവ് കുറയ്ക്കുവാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും വിവരങ്ങൾ എളുപ്പം കൈമാറാനും സേവനങ്ങൾ ഞൊടിയിടയ്ക്കുള്ളിൽ നൽകുവാനും സാധിക്കുന്നതാണ്. പഞ്ചായത്തിന്റെ പ്രവർത്തനം ജനങ്ങൾക്ക് കണ്ണാടി പോലെ

സുതാര്യമായി മനസ്സിലാക്കുവാൻ കഴിയുന്നതാണ്.

കേരളത്തിൽ മൊബൈൽ കണക്ഷന്റെ സാന്ദ്രത 95.70% ആണ്. 3 കോടി കണക്ഷനാണ് കേരളത്തിൽ ഉള്ളത്. സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലും വർധനവ് ഉണ്ടായിട്ടുണ്ട്. കേരളത്തിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ 34.71% ആണ്.

നിലവിലുള്ള രേഖകൾ ഡിജിറ്റലൈസ് ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്താൽ ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടം എളുപ്പത്തിൽ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. രേഖകൾ ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റുമ്പോൾ ജാഗ്രതാപൂർണ്ണമായ സമീപനം സ്വീകരിച്ചില്ലെങ്കിൽ അത് വിപരീതഫലമാണ് ഉണ്ടാക്കുക. വിവരസാങ്കേതികവിദ്യയുടെ അനന്തമായ സാധ്യത ഫലപ്രദമായി ഉപയോഗിക്കുവാനും ഇതിന് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നിന്ന് സ്വീകരിക്കുവാനും പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പേപ്പർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സർട്ടിഫിക്കറ്റ്, രേഖകൾ, ഫയൽ, ജേണൽ, ന്യൂസ് പേപ്പർ, കത്തുകൾ, റിക്കാർഡുകൾ എന്നിവയാണ്. ഈ രൂപത്തിലുള്ള എല്ലാ ഓഫീസ് ഫയലുകളും റിക്കാർഡുകളും ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനത്തോടൊപ്പം കടലാസ് രൂപത്തിൽ ഓഫീസിൽ ഏതൊക്കെ ഫയലുകളാണ് വരുന്നത് എന്ന് മുൻകൂട്ടി മനസ്സിലാക്കണം.

പട്ടിക ഒന്നിൽ പറയുന്ന 3 തരം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാൽ പേപ്പർരഹിത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം എളുപ്പത്തിൽ കരഗതമാക്കുവാൻ സാധിക്കുന്നതാണ്.

ഭരണസമിതി തീരുമാനത്തോടെ പ്രവർത്തനം ആരംഭിക്കണം. ജീവനക്കാർക്ക് നൽകുന്ന പരിശീലനം, ജോലികൾ നിശ്ചയിച്ച് നൽകൽ, ആവശ്യമായ ഹാർഡ്‌വെയർ-സോഫ്റ്റ്‌വെയർ വാങ്ങൽ, IKM.മായി ഒരു ധാരണ ഉണ്ടാക്കൽ, ആവശ്യമായ സാങ്കേതികപ്രതലം ഒരുക്കിവെക്കൽ,

1.	ഡാറ്റാമാനേജ്മെന്റ്	കമ്പ്യൂട്ടറുകൾ, ഹാർഡ്‌വെയർ, DTP ചെയ്യാനുള്ള സംവിധാനം, രേഖകൾ കണ്ടെത്തിയാൽ അത് മുഴുവൻ ഡിജിറ്റലൈസ് ചെയ്യാനുള്ള സൗകര്യം എന്നിവ ഓഫീസിൽ ഒരുക്കുക
2.	ഡോക്യുമെന്റ് മാനേജ്മെന്റ്	പഞ്ചായത്തിലെ മുഴുവൻ രേഖകളും ചിട്ടപ്പെടുത്തുക. സമയക്രമം നിശ്ചയിച്ച് പഴയ രേഖകൾ അതിലെ ഉള്ളടക്കം നഷ്ടപ്പെടാതെയും, മുഴുവൻ റിക്കാർഡുകളും നശിച്ച് പോകാതെയും ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റുവാൻ ഉദ്യോഗസ്ഥന്മാർക്ക് ചുമതല നൽകുക.
3.	സോഫ്റ്റ്‌വെയർ മാനേജ്മെന്റ്	IKM വികസിപ്പിച്ച മുഴുവൻ സോഫ്റ്റ്‌വെയറുകളും ഗുണമേന്മയോടെ പഞ്ചായത്തിൽ ലഭ്യമാക്കുവാനുള്ള സൗകര്യമേർപ്പെടുത്തണം.

എന്നീ പ്രക്രിയകളിലൂടെ സമ്പന്നമായി മുന്നോട്ട് പോയാൽ സ്വപ്നതുല്യമായ നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കുന്നതാണ്. കാലഘട്ടത്തിനനുസൃതമായി ഓഫീസ് സംവിധാനത്തെ മാറ്റാനും, സേവനവകാശ നിയമത്തിലൂടെ പൗരാവകാശപ്രകാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുവാനും, വിവരങ്ങളെല്ലാം ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുവാനും ഈ സംവിധാനം ഉപയോഗപ്രദമാണ്.

വിവിധങ്ങളായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സേവനങ്ങൾ ഓൺലൈനായി നൽകുവാനും ഡിജിറ്റലൈസ് ചെയ്യുവാനും പ്രയാസപ്പെടേണ്ടിവരില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ വിവിധ തലങ്ങളിലെ യോഗങ്ങൾ കൂടി ഗ്രാമപഞ്ചായത്തുകളെ കടലാസ്‌രഹിതമാക്കുവാൻ കൈകോർക്കാവുന്നതാണ്.

പട്ടിക 1 : ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ലഭ്യമായ സോഫ്റ്റ്‌വെയറുകൾ

1.	സുലേഖ	പദ്ധതി പ്രവർത്തനങ്ങൾ
2.	സേവന	സിവിൽ രജിസ്ട്രേഷൻ, ജനനം-മരണം-വിവാഹം
3.	സേവന	പെൻഷൻ
4.	സഞ്ചയ	റവന്യൂ വരുമാനം, ലൈസൻസ്
5.	സഞ്ചിത	നിയമവും ചട്ടവും
6.	സചിത്ര	ആസ്തിരജിസ്റ്റർ
7.	സാംഖ്യ	ഡബിൾ എൻട്രി അക്കൗണ്ടിംഗ്
8.	സ്ഥാപന	ശമ്പളം, KPEPF
9.	സൂചിക	Work flow application ഫയൽനീക്കം നിരീക്ഷണം
10.	സാമൂഹ്യ	Citizen Data base
11.	സുഗമ	പൊതുമാരാമത്ത് എസ്റ്റിമേറ്റ്
12.	സങ്കേത	ബിൽഡിംഗ് പെർമിറ്റ്
13.	സകർമ്മ	പഞ്ചായത്ത് യോഗം
14.	സംവേദിത	LSGD Web portal
15.	സാഫല്യ	Information Human Resource

എല്ലാ പഞ്ചായത്തുകളിലും ഇന്റർനെറ്റ് സൗകര്യം ഉള്ളതുകൊണ്ടും, UNO വിന്റെ അംഗീകാരം ലഭിച്ച IKMന്റെ സഹായം ഇടതടവില്ലാതെ ലഭിക്കുന്നത് കൊണ്ടും, ടച്ച്സ്ക്രീൻ സൗകര്യം കൂടി ഏർപ്പെടുത്തി എല്ലാ സേവനങ്ങളും ഓൺലൈനാക്കി, പേപ്പർരഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് കുതിച്ച് പഞ്ചായത്തുകൾ സ്മാർട്ടാകുന്ന ഒരു നല്ല നാളെയിലേക്ക് എത്തിച്ചേരുവാൻ നമുക്ക് ഒന്നിച്ച് മുന്നേറാം.

ലേഖകൻ വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്

എസ്. ഷാജി

വയോജനസമൂഹം നാടിന്റെ അമൂല്യസമ്പത്ത്

വളരുന്ന കേരളം വളർത്തിയവർക്ക് ആദരം

നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന സാമൂഹ്യ വിഷയമാണ് മുതിർന്ന പൗരന്മാരുടെ ആരോഗ്യ പരിപാലനവും സംരക്ഷണവും. 2007-ൽ വയോജനദിനം പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും 2010ഓടുകൂടിയാണ് ഈ രംഗത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്താനായത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വയോജന ക്ഷേമരംഗത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

വയോജനങ്ങളുടെ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് 'വയോമിത്രം പദ്ധതി' നഗരപ്രദേശങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഡോക്ടർമാരും നഴ്സുമാരും അടങ്ങിയ സംഘങ്ങൾ വയോജനങ്ങൾ താമസിക്കുന്ന വാർഡുകളിൽ ഒരു മാസം രണ്ട് പ്രാവശ്യം സന്ദർശനം നടത്തി ക്ലിനിക്കൽ

സെന്ററുകളിൽ എത്തുന്നവരെ പരിശോധിച്ച് അവർക്കാവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. പ്രമേഹം, രക്തസമ്മർദ്ദം മറ്റ് അസുഖങ്ങൾ എന്നിവ പരിശോധിച്ച്, തീവ്രരോഗബാധിതരെ സമീപത്തെ താലൂക്ക്-ജില്ലാ ആശുപ്രതികളിലേക്ക് റഫർ ചെയ്യുന്നു. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ സഹായത്തോടുകൂടിയാണ് സുരക്ഷാ മിഷൻ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നിലവിലില്ലാത്ത നഗരപ്രദേശങ്ങളിൽ സാന്ത്വനപരിചരണവും വയോമിത്രം പദ്ധയിലൂടെ നടപ്പിലാക്കുന്നു. 2017 വർഷം അവസാനിക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിക്കും. തുടർന്ന് ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ഗ്രാമപ്രദേശങ്ങളിലും വ്യാപിപ്പിക്കാനുള്ള നടപടികളും പരിഗണനയിലാണ്.

വയോജനങ്ങൾ അമൂല്യമായ സമ്പത്താണ്. ഇന്ന് കാണുന്ന കേരളത്തെ സൃഷ്ടിക്കുന്നതിന് വളരെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവരാണ് നമ്മുടെ മുതിർന്ന പൗരന്മാർ. കാടും പടർപ്പുമായ ഓണംകേറാമൂലകളായി മുൻകാലത്ത് നിലനിന്നിരുന്നതും ഇന്ന് നഗരങ്ങളായി നമ്മൾ കാണുന്നതുമായ എല്ലാ പ്രദേശങ്ങളുടെയും വികസന പ്രക്രിയകളിൽ നമ്മുടെ മുൻതലമുറയുടെയും ജീവിച്ചിരിക്കുന്ന മുതിർന്ന പൗരന്മാരുടെയും നിസ്വാർത്ഥവും തീവ്രവുമായ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും ചരിത്രം നമുക്ക് ദർശിക്കാനാകും. വിജ്ഞാനത്തിന്റെയും അനുഭവസമ്പത്തിന്റെയും കലവറയായ വയോജനങ്ങളെ അങ്ങനെ കാണാനും അവർ ആഗ്രഹിക്കുന്ന പരിഗണന നൽകുവാനും പുതിയ തലമുറയ്ക്ക് കഴിയുന്നില്ല എന്നതാണ് വാസ്തവം. ജീവിതയാത്രയിൽ കുതിച്ചുപായാനുള്ള ഇന്നത്തെ തലമുറയുടെ വെമ്പലിൽ പലപ്പോഴും വയോജനങ്ങൾക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല എന്ന് മാത്രമല്ല പൂർണ്ണമായി അവഗണിക്കപ്പെടുകയും ചെയ്യുന്നു എന്ന ദു:ഖസത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഈ പരിതാപകരമായ അവസ്ഥയിൽ നിന്നും വയോജനങ്ങളെ മോചിതരാക്കി മറ്റുള്ളവർക്കൊപ്പം പൊതുസമൂഹത്തിൽ വ്യക്തിത്വം കാത്തുസൂക്ഷിച്ച് ജീവിച്ചുപോകാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകേണ്ടത് ഈ തലമുറയുടെ ഒഴിച്ചുകൂടാനാകാത്ത ബാദ്ധ്യതയും ഉത്തരവാദിത്തവുമാണ്.

വയോജന സമൂഹത്തിന്റെ മാനസിക ഉല്ലാസത്തിനായി അവർക്ക് ഇഷ്ടപ്പെട്ട പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ക്ലിനിക്കുകളിലെത്തുന്ന രോഗികളുടെയും അല്ലാത്ത വയോജനങ്ങളുടെയും കൂട്ടായ്മ എന്ന നിലയിൽ ഓൽഡേജ് ക്ലബ്ബുകൾ സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

തങ്ങളുടെ ജീവിതം മുഴുവൻ അർപ്പിച്ച് ഒരു നിലയിലെത്തിച്ച മക്കളിൽ നിന്നും മറ്റ് വേണ്ടപ്പെട്ടവരിൽ നിന്നും അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല എന്ന നില അവരെ മാനസികമായി വളരെയേറെ പിരിമുറുക്കത്തിലെത്തിക്കുന്നു. അത് ആത്മസംഘർഷമായി മാറുകയും ജീവിതം തന്നെ ഒരു ഭാരമായ അവസ്ഥയിലേക്ക് എത്തുകയും ചെയ്യുന്നു. നിസ്സഹായതയും അന്യതാബോധവും വയോജനങ്ങളെ നിരന്തരം വേട്ടയാടുന്നതിന്റെ ഭാഗമായി മാനസികവിഷാദം അവരെ ശാരീരികമായ അവശതയിലേക്ക് നയിക്കുന്ന രീതി കണ്ടുവരുന്നുണ്ട്. വയോമിത്രം പദ്ധതിയിലൂടെ മിഷൻ നടത്തിയ പഠനങ്ങളിൽ ഇതു വ്യക്തമാണ്. ഫാമിലി കൗൺസിലിംഗ് ശക്തിപ്പെടുത്തുന്നതിലൂടെയും പൊതുസമൂഹത്തിന്റെ അവബോധനിലവാരം ഉയർത്തുന്നതിലൂടെയും മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ കഴിയൂ. വയോജനങ്ങൾക്ക് മാത്രമല്ല കൗൺസിലിംഗ് ഏറെ

വേണ്ടത് അവരുടെ മക്കൾക്കും ചെറുമക്കൾക്കും മറ്റ് ബന്ധപ്പെട്ട കുടുംബാംഗങ്ങൾക്കുമാണ്.

മാനസിക ഉല്ലാസ പരിപാടികൾ വയോജനങ്ങൾക്ക് വളരെയേറെ ഉന്മേഷം പകരാൻ കഴിയുന്ന ഒരു ഔഷധം കൂടിയാണ്. വയോജനങ്ങൾ സമൂഹത്തിൽ ഏറ്റവുമധികം ബഹുമാനിക്കപ്പെടേണ്ടവരാണെന്നും അവർക്ക് അർഹിക്കുന്ന അംഗീകാരവും സ്നേഹവും നൽകേണ്ടതാണെന്നുമുള്ള അവബോധം കുടുംബാംഗങ്ങൾക്ക് ഉണ്ടാക്കി നൽകാൻ കഴിഞ്ഞാൽ ഒരു പരിധിവരെ വയോജനമേഖലയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നതാണ് 5 വർഷകാലത്തെ മിഷന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങളിലൂടെ തിരിച്ചറിയുന്നത്.

വയോജന സമൂഹത്തിന്റെ മാനസിക ഉല്ലാസത്തിനായി അവർക്ക് ഇഷ്ടപ്പെട്ട പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ക്ലിനിക്കുകളിലെത്തുന്ന രോഗികളുടെയും അല്ലാത്ത വയോജനങ്ങളുടെയും കൂട്ടായ്മ എന്ന നിലയിൽ ഓൽഡേജ് ക്ലബ്ബുകൾ സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഓരോ വർഷവും ഓണം, ക്രിസ്മസ് തുടങ്ങിയ ആഘോഷങ്ങൾ വയോമിത്രം കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് മാത്രം പരിപാടികൾ നടത്തുന്നു. വയോജനദിനോഘോഷവുമായി ബന്ധപ്പെട്ട് കലാകായിക പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വയോജനങ്ങളുടെയും കുടുംബവുമായി ബന്ധപ്പെടാനും ഫാമിലി കൗൺസിലിംഗിന് തുല്യമായ ഇടപെടൽ നടത്തുന്നതിനും വയോമിത്രം കോർഡിനേറ്റർമാർ ഏറെ ശ്രദ്ധിക്കുന്നു.

സംസ്ഥാന ചരിത്രത്തിൽ 2016 ഒക്ടോബർ ഒന്ന് അവസ്മരണീയമായ ദിനമായി മാറി. ഒരു ഔദ്യോഗിക പരിപാടിയിലൂടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജില്ലാ ആസ്ഥാനങ്ങളിൽ 21000 വയോജനങ്ങൾ ഒന്നിച്ചണിനിരന്നു. അവരുടെ കലാപരമായ കഴിവുകൾ പ്രകടമാക്കാനുള്ള അവസരമായി ഇത് മാറി. വിവിധ കലാരൂപങ്ങൾ 70കാരനും 75കാരിയും 80കാരനും 65കാരിയും, ചേർന്നവതരിപ്പിച്ചപ്പോൾ മക്കൾക്കും ചെറുമക്കൾക്കും ഹരവും ആവേശവുമായി മാറി. വയോജനങ്ങൾ സമൂഹത്തിന്റെ അമൂല്യ സമ്പത്താണ്. അവരെ കരുതലോടെ സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ മുഖ്യകടമയാണെന്നുള്ള സന്ദേശം അലയടിച്ച് ഉയർത്തുവാൻ 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന പരിപാടിയിലൂടെ സമൂഹത്തിന് നൽകാനായി. വരും നാളുകളിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും അനാഥത്വം ഭക്ഷിക്കുന്ന നമ്മുടെ വയോജന സമൂഹത്തെ നെഞ്ചോടുചേർക്കാനും അറിവിന്റെയും അനുഭവത്തിന്റെയും പൊൻമുത്തുകളായ മുതിർന്ന പൗരന്മാരെ അവരുടെ ജീവിതകാലം മുഴുവൻ നമുക്കായ്, നമ്മുടെ നാടിനായ് ചെയ്ത ത്യാഗ ജീവിതത്തെ ആദരിക്കാനും ഏവരും ഒരുമനസ്സോടെ മുന്നോട്ട് വരേണ്ടതുണ്ട്.

ലേഖകൻ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രോഗ്രാം കോ-ഓർഡിനേറ്ററാണ്

വയോജനങ്ങൾ സമൂഹത്തിന്റെ അമൂല്യ സമ്പത്താണ്. അവരെ കരുതലോടെ സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ മുഖ്യകടമയാണെന്നുള്ള സന്ദേശം അലയടിച്ച് ഉയർത്തുവാൻ 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന പരിപാടിയിലൂടെ സമൂഹത്തിന് നൽകാനായി.

പ്രസാദ് കാവീട്ടിൽ

പങ്കാളിത്തപദ്ധതി രൂപീകരണം മാരാരിക്കുളം മാതൃക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തപദ്ധതി രൂപീകരണം എന്ന വിഷയത്തിൽ 2016 നവംബർ 3,4,5 തീയതികളിൽ കൊച്ചിയിൽ നടന്ന ബ്രിക്സ് രാജ്യങ്ങളുടെ അന്താരാഷ്ട്ര സമ്മേളനം പ്രാതിനിധ്യം കൊണ്ടും ഉദാത്തമാതൃകകളുടെ അവതരണം കൊണ്ടും സമ്പുഷ്ടമായി. സമ്മേളനത്തിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണത്തിന്റെ കേരള മാതൃകകൾ നേരിട്ടു കാണുന്നതിനായി പ്രതിനിധികൾക്ക് സ്ഥലസന്ദർശനം സംഘടിപ്പിച്ചിരുന്നു. ജനകീയാസൂത്രണത്തിന്റെ തനതും നൂതനവുമായ മാതൃക സൃഷ്ടിച്ച് കേരളത്തിന്റെ പ്രശസ്തി ഉയർത്തിയ മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് പ്രതിനിധി സംഘം സന്ദർശിച്ചു.

മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്തിൽ എത്തിയ പ്രതിനിധി സംഘത്തിന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും കുടുംബശ്രീയും ചേർന്ന് ഊഷ്മളമായ സ്വീകരണം നൽകി .

മാരാരിക്കുളം ഗ്രാമപഞ്ചായത്ത് 1995 മുതൽ ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി അവരുടെ പങ്കാളിത്തത്തോടെയുള്ള നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. അവയിൽ ചില പദ്ധതികൾ പ്രതിനിധികൾക്ക് മുമ്പാകെ അവതരിപ്പിച്ചു.

മാനസ

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് മാനസ. ഗ്രാമപഞ്ചായത്തിനുള്ളിലെ നാല് യു.പി.സ്കൂളുകളിലെ കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളുടെ ശാരീരിക മാനസിക വൈകല്യങ്ങൾ ചെറുപ്പത്തിലേ കണ്ടെത്തി അവയ്ക്ക് പരിഹാരമുണ്ടാക്കുക എന്നതാണ് ലക്ഷ്യം. പഠനവൈകല്യം കാണിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രത്യേക പരിശീലനം നൽകുന്നു. മാതാപിതാക്കൾ തമ്മിൽ അകൽച്ച ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക കൗൺസലിങ്ങ് നൽകി പ്രശ്നങ്ങൾ പരിഹരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജിലെ മാനസികാരോഗ്യവിഭാഗം പ്രൊഫസർ ഡോ.ജയപ്രകാശിന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. ഇതിന്റെ ഭാഗമായി സ്കൂൾ അന്തരീക്ഷത്തിന് പുത്തൻ ഉണർവ് വന്നു. വീട്ടുകാരുടെ മനോഭാവത്തിനും കുടുംബാന്തരീക്ഷം മനോഹരമാക്കാനും കുട്ടികളുടെ വിദ്യാലയകാലഘട്ടം ആനന്ദകരമാകാനും സാധിക്കുന്നു.

ബാലകൈരളി

പഞ്ചായത്തിലെ അംഗൻവാടികളുടെ നിലവാരമുയർത്തുകയും പ്രീതികുളങ്ങര ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ ഭൗതിക സാഹചര്യവും അധ്യയനനിലവാരവും ഉയർത്തുകയും ചെയ്യുന്ന പദ്ധതിയാണ് ഇത്.

1995 ൽ തുടങ്ങിയ പ്രവർത്തനമാണ് അംഗൻവാടികളുടെ നവീകരണം. ഹാവാർഡ് ഗാർഡനറുടെ മൾട്ടിപ്പിൾ ഇന്റലിജൻസ് സിദ്ധാന്തപ്രകാരം ഒന്നാം ക്ലാസ്സിൽ ചേരുന്നതിനു മുമ്പേ ഒരുകുട്ടി നിരവധി കഴിവുകൾ ആർജജിച്ചെടുക്കേണ്ടതുണ്ട്. അത് ലഭ്യമാകുന്നതിനുള്ള പ്രത്യേക കരിക്കുലം തയ്യാറാക്കി. മാതൃഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് സ്വായത്തമാക്കാനുള്ള പ്രത്യേക പഠനരീതിയും തുടങ്ങി. 2015-16 വർഷത്തെ പദ്ധതിയിലും ബാലകൈരളി ഉൾപ്പെടുത്തി ഈ പ്രവർത്തനങ്ങൾ മികവുറ്റതാക്കി. അംഗൻവാടികളിൽ പഠിച്ച കുട്ടികൾ സ്കൂൾ ക്ലാസ്സുകളിൽ എത്തുമ്പോൾ അവരിൽ പഠനവൈകല്യം കാണുന്നില്ല

എന്നതാണ് ഈ പദ്ധതിയുടെ വിജയം.

സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വരവോടുകൂടി സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞു വരുന്ന പ്രതിഭാസമാണ് എല്ലായിടത്തും കാണുന്നത്. ഇങ്ങനെ കുട്ടികൾ കുറഞ്ഞുവരുന്നത് ശ്രദ്ധിച്ചപ്പോഴാണ് പ്രീതികുളങ്ങര എൽ.പി. സ്കൂളിനെ നവീകരിക്കാനുള്ള നടപടികളുമായി പദ്ധതി രൂപീകരിച്ചത്. സ്കൂളിന്റെ ഭൗതിക നിലവാരമുയർത്തുന്നതിന് സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഒരുക്കി. ലാപ്പ്ടോപ്പ്, എൽ.സി.ഡി പ്രൊജക്ടർ, ഡിജിറ്റൽ ബോർഡ് എന്നിവ സജ്ജീകരിച്ചു. സ്കൂളിൽ ഇംഗ്ലീഷ് മാധ്യമം തുടങ്ങിയില്ല. പകരം എല്ലാ ശനിയാഴ്ച്ചകളിലും ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിന് പ്രത്യേക ക്ലാസ്സുകൾ തയ്യാറാക്കി അധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക പരിശീലനം നൽകി. എല്ലാ അധ്യാപകരും ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരായി. 'വീട്ടിലും ഇംഗ്ലീഷ് നാട്ടിലും ഇംഗ്ലീഷ്' എന്ന പദ്ധതിയിലൂടെ കുട്ടികൾ ജാള്യതയില്ലാതെ ഇംഗ്ലീഷ് ഉപയോഗിക്കാൻ തുടങ്ങി. സ്കൂളും പരിസരവും ചിത്രങ്ങൾ വരച്ച് മനോഹരമാക്കി. ഇതിനെല്ലാം വലിയ ജനപിന്തുണയുണ്ടായി. ഇതിന്റെ ഫലമായി വിദ്യാർഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി.

സ്ത്രീസൗഹൃദഗ്രാമം

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഇപ്പോഴും തുടരുന്നു എന്നത് പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. കുടുംബത്തിനകത്തും പുറത്തും സ്ത്രീകൾ വളരെയേറെ പീഡനങ്ങൾക്ക് ഇരയാവുന്നു. ഇത് ഇല്ലായ്മ ചെയ്യാനും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്. ഇതിനായി സാമൂഹ്യനീതി വകുപ്പ്, അംഗൻവാടി ജീവനക്കാർ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ ഒരു സാമ്പിൾ സർവ്വെ നടത്തി. ഇരുന്നൂറോളം സ്ത്രീകൾ സർവ്വെയിൽ പങ്കെടുത്തു. സർവ്വെയിലൂടെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അതിക്രമങ്ങളും ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ത്രീകൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥലങ്ങളും ഏതുതരം ബുദ്ധിമുട്ടുകളാണ് ഏറ്റവുമധികം നേരിടുന്നത് എന്നറിയാനുമായി ക്രൈം മാപ്പിങ്ങും ഇഷ്യുമാപ്പിങ്ങും നടത്തി. ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. സ്ത്രീ പദവിയും അവകാശങ്ങളും സംബന്ധിച്ച് സെമിനാറുകളും പഠനക്ലാസ്സുകളും ചർച്ചകളും നടന്നു. സ്ത്രീകൾക്ക് തുറന്നുപറയാനും പ്രതികരിക്കാനുമുള്ള കഴിവ് ലഭിച്ചു. സ്ത്രീകൾക്ക് സ്വയം രക്ഷയ്ക്കായി കായിക പരിശീലനം നൽകി. ഇതിന്റെയൊക്കെ ഫലമായി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുവാൻ സാധിച്ചു.

ആയുർരേഖ

ജീവിതശൈലി രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, അമിതവണ്ണം തുടങ്ങിയവയെ നിർണ്ണയിക്കുകയും രോഗവിമുക്തി നേടാനുള്ള മാർഗ്ഗങ്ങൾ നൽകുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബശ്രീ, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിലൂടെ ജനങ്ങളെ രോഗവിമുക്തരാക്കി ആരോഗ്യമുള്ള സമൂഹത്തെ വളർത്തിയെടുക്കാൻ സാധിക്കുന്നു.

> സ്കൂളിൽ ഇംഗ്ലീഷ് മാധ്യമം തുടങ്ങിയില്ല. പകരം എല്ലാ ശനിയാഴ്ച്ചകളിലും ഇംഗ്ലീഷ് ഭാഷാ പരിശീലനത്തിന് പ്രത്യേക ക്ലാസ്സുകൾ തയ്യാറാക്കി അധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക പരിശീലനം നൽകി. എല്ലാ അധ്യാപകരും ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരായി. 'വീട്ടിലും ഇംഗ്ലീഷ് നാട്ടിലും ഇംഗ്ലീഷ്' എന്ന പദ്ധതിയിലൂടെ കുട്ടികൾ ജാള്യതയില്ലാതെ ഇംഗ്ലീഷ് ഉപയോഗിക്കാൻ തുടങ്ങി. സ്കൂളും പരിസരവും ചിത്രങ്ങൾ വരച്ച് മനോഹരമാക്കി.

ഖരമാലിന്യ നിർമ്മാർജനം

നാം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യ സംസ്കരണം. പ്രഭവസ്ഥാനത്ത് മാലിന്യം സംസ്കരിക്കാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാനുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് ആവിഷ്ക്കരിച്ചത്. ഇതിനായി പാലക്കാട് ഐ.ആർ.ടി.സി യുടെ സഹായത്തോടെ എയറോബിക്സ് കമ്പോസ്റ്റ് യൂണിറ്റുകൾ കുടുംബങ്ങൾക്ക് വിതരണം ചെയ്തു. കൂടാതെ ബയോഗ്യാസ് യൂണിറ്റുകളും വിതരണം ചെയ്തു. വീടുകളിലെ മാലിന്യങ്ങൾ വളമാക്കി മാറ്റി ജൈവപച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കി. ഇതുവഴി പഞ്ചായത്തിലെ മാലിന്യ പ്രശ്നങ്ങൾ പരമാവധി പരിഹരിക്കാൻ സാധിച്ചു.

ജനകീയാസൂത്രണത്തിന്റെ ഇരുപതാണ്ടുകൾ പിന്നിടുന്ന കേരളത്തിൽ ഏറ്റവുമധികം ശ്രദ്ധയാകർഷിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് മാരാരിക്കുളം. ആസൂത്രണത്തിന്റെ ആദ്യ വർഷങ്ങളിൽ തന്നെ പങ്കാളിത്ത പദ്ധതി രൂപീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും പഞ്ചായത്തിന് സാധിച്ചു. ഇതിനായി അതത് രംഗത്തെ പ്രാഗത്ഭ്യമുള്ളവരെ പദ്ധതിരൂപീകരണത്തിന്റെയും ആവിഷ്കരണത്തിന്റെയും ഘട്ടത്തിൽ പങ്കെടുപ്പിച്ചു. ഇതുവഴി ജനജീവിതത്തിൽ വലിയ മാററം ഉണ്ടാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചത് പ്രതിനിധികൾക്ക് അനുഭവവേദ്യമായി.

മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് സന്ദർശനം പുതിയൊരു അനുഭവമാണ് സമ്മാനിച്ചതെന്ന് പ്രതിനിധികൾ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. ഈ പ്രചോദനം ഉൾക്കൊണ്ട് ഇത്തരം പദ്ധതികൾ തങ്ങളുടെ സംസ്ഥാനങ്ങളിലും നടപ്പാക്കാൻ ശ്രമിക്കുമെന്നും അവർ പറഞ്ഞു.

ലേഖകൻ പ്രതിനിധിസംഘത്തെ അനുഗമിച്ചിരുന്ന തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ്ഡയറക്ടർ ആഫീസിലെ സീനിയർ ക്ലർക്കാണ്

വാഴൂരിന്റെ നാട്ടുചന്ത

എം. ജെ. അലക്സ് റോയ്

വിത്തിനുപരിയാണ് ഇന്ന് കൃഷിയിൽ വിപണിയുടെ സ്ഥാനം. ഹരിതകേരളത്തിന്റെ ആരവങ്ങൾ മുഴങ്ങുന്ന ഇക്കാലത്ത് കർഷകർ പ്രകൃതി സൗഹൃദകൃഷിയിലേക്കാണ് ചുവടുവയ്ക്കുന്നത്. വിഷമില്ലാവിളകൾക്ക് വില കൂടുതൽ കിട്ടിയാലേ മുതലാകൂ. താൻ അറിയുന്ന അയൽക്കാരന്റെ നാട്ടുവിഭവങ്ങൾക്കു കൂടുതൽ വില നൽകാൻ കേരളീയർ ശീലിച്ചിരിക്കുന്നു. പക്ഷേ ഇവയ്ക്കുള്ള ശരിയായ വിപണികളുടെ അപര്യാപ്തത തന്നെയാണ് നിലവിലെ പ്രശ്നം. ഈ പ്രശ്നത്തിന് പരിഹാരവുമായി കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് ഒത്തിരി മുന്നോട്ടുപോയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നാട്ടുചന്തയാണിതിനു പ്രതിവിധി. വാർഡുതലങ്ങളിൽ കർഷകരുടെ യോഗങ്ങൾ ചേർന്നു വാർഡുതല കാർഷിക വികസന സമിതികൾ രൂപീകരിക്കുന്നു. ഗ്രാമപഞ്ചായത്തംഗം രക്ഷാധികാരിയാകും. മുതിർന്നൊരു കർഷകൻ കൺവീനറും. പ്രസിഡന്റ്, സെക്രട്ടറി, രണ്ട് കമ്മിറ്റിയംഗങ്ങൾ ഇവർ ചേർന്നതാണ് വാർഡുതല കാർഷിക വികസനസമിതി.

വാർഡുതലങ്ങളിലെ കാർഷികവികസന പ്രവൃത്തികളുടെ ഏകോപനമാണ് ഇവയുടെ ദൗത്യം. പഠനപരിപാടികൾ ഒരുക്കുക, നടീൽ വസ്തുക്കൾ യഥാവിധി എത്തിക്കുക, വിപണി സൗകര്യം സാധ്യമാക്കുക എന്നിവ പ്രധാന ചുമതലകളിൽപ്പെടുന്നു.

ഇത്തരം വാർഡുതല കാർഷിക വികസന സമിതികൾ കൂടിച്ചേർന്ന് വാഴൂർ സ്വാശ്രയ കാർഷിക വികസന സമിതി രൂപീകരിച്ചു. വാർഡുതല കാർഷിക വികസന സമിതി കൺവീനർമാർ പഞ്ചായത്തുതല സമിതി അംഗങ്ങളായി. കൂടാതെ പൊതുയോഗം നിശ്ചയിച്ച മികച്ച നാലു കർഷകർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ഇവരെയും ഉൾപ്പെടുത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായും കൃഷി ഓഫീസർ കൺവീനറായും സമിതി പ്രവർത്തിക്കുന്നു. കൃഷി അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗങ്ങളായി തുടരുന്നു.

ഈ സംഘടനാ സംവിധാനത്തിന്റെ പിൻബലത്തിലാണ് വാഴൂരിൽ തിങ്കളാഴ്ചകളിലെ കർഷകപക്ഷ

'ഓണത്തിന് ഒരുപിടി ഉപ്പേരി – ഒരു തുടം കാരുണ്യം' എന്ന് പേരിട്ട ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ക്ഷീരവികസന വനംവകുപ്പ് മന്ത്രി അഡ്വ. കെ. രാജുവാണ് നിർവ്വഹിച്ചത്. വാഴൂർ ഗ്രാമപഞ്ചായത്തിന്റെ ഈ വിജയ മാതൃക ബ്ലോക്കിലാകെ 'നേരങ്ങാടി' എന്ന പേരിൽ പകർത്താനൊരുങ്ങുകയാണ് വാഴൂർ ബ്ലോക്ക് പഞ്ചായത്ത്. വാഴൂരിന്റെ ഈ കർഷകപക്ഷ മാതൃക കേരളമാകെ വ്യാപിപ്പിക്കേണ്ടതുണ്ട്.

വിപണി ആരംഭിച്ചത്. 'വിപണിയിൽ കർഷകപക്ഷത്തു നിന്നുള്ള ഇടപെടൽ' എന്ന ആശയം സമിതി പൊതുജനങ്ങളുമായി പങ്കുവെച്ചു.

ഗ്രാമപഞ്ചായത്തിന്റെ കൊടുങ്ങൂർ കമ്മ്യൂണിറ്റി ഹാളിനു മുമ്പിൽ 2014 ആഗസ്റ്റ് 07ന് വാഴൂരിന്റെ കർഷകരുടെ ആഴ്ചച്ചന്തയ്ക്ക് തുടക്കമായി. കാർഷിക ഉത്പന്നങ്ങൾ ഏറ്റവും കുറഞ്ഞ അളവിലും കൂടിയ തോതിലും ഇവിടെ വില്പനയ്ക്കെത്തുന്നു. പച്ചക്കാന്താരിയും ചക്കക്കുരുവും പച്ചമാങ്ങയും നാട്ടുപശുവിൻ പാലും നാടൻ കോഴിമുട്ടയും വളർത്തുമീനും വിഷമില്ലാ പച്ചക്കറിയും വാഴക്കുലയും കിഴങ്ങുവിളകളും കറവപ്പശുവും വരെ ഇവിടെ വിപണിയിലെത്തുന്നു.

രാവിലെ 8 മണി മുതൽ ചില്ലറ വിൽപ്പന ആരംഭിക്കും. വിഷമില്ലാ വിളകൾ തേടിയുള്ള നാട്ടുകാരുടെ വരവ് വിപണിയെ അതിരാവിലെ മുതൽ സജീവമാക്കും. 11 മണി മുതൽ പരസ്യലേല വിപണന സംവിധാനമാണ് നടക്കുക. വിൽപ്പനയിൽ 5 ശതമാനം തുക നടത്തിപ്പ് ചെലവിന് വിപണി സ്വീകരിക്കും. നടത്തിപ്പ് ചെലവ് കഴിഞ്ഞ് ബാക്കിവരുന്ന തുക സമിതി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി വിനിയോഗിക്കും.

മികച്ച സംഘാടനവും വിശ്വസ്തതയുമാണ് ഈ കർഷകപക്ഷ വിപണിയുടെ മുഖമുദ്ര. തൊട്ടടുത്ത തിങ്കളാഴ്ച കൃത്യം തുകയും കടമില്ലാതെ കൈയിലെത്തുമെന്നതാണ് ഈ ജനകീയ ചന്തയുടെ പ്രത്യേകത. ഗ്രാമപഞ്ചായത്തിന്റെ പ്രധാന കവലകളായ ചാമംപതാൽ, കൊടുങ്ങൂർ, പുളിക്കൽകവല എന്നിവിടങ്ങളിൽ 'ഗ്രീൻ & സേഫ് പ്രതിദിന വിൽപ്പനകേന്ദ്രങ്ങൾ' തുടങ്ങാനും സമിതി ആലോചിക്കുന്നു.

കൃത്യമായി കാർഷിക പഠനപരിപാടികൾ നടത്താനും കാർഷിക ഉത്പാദന ഉപാധികളുടെ വിതരണത്തിൽ ശ്രദ്ധവയ്ക്കാനും സമിതിക്കു കഴിയുന്നു. വരുന്ന ഓണത്തിന് വിഷമില്ലാ ഉപ്പേരി വറുക്കാൻ വിപണി പ്രവർത്തകർ ഇന്നേ വാഴവെച്ചിരിക്കുന്നു. സമിതി അംഗങ്ങളായ കർഷകർക്ക് മികച്ചയിനം രണ്ട് ഏത്തവാഴത്തൈകൾ സൗജന്യമായി നൽകി. ഇവ കുലയ്ക്കുമ്പോൾ ഒരെണ്ണം ഓണത്തിന് സ്വന്തം വീട്ടാവശ്യത്തിനുപയോഗിക്കാം. ബാക്കിവരുന്ന ഒരു വാഴക്കുല വിപണിയിലെത്തിച്ച് പരസ്യ ലേലത്തിലൂടെ ലഭിക്കുന്ന തുക സമിതിയുടെ ജീവകാരുണ്യ പദ്ധതികൾക്ക് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

'ഓണത്തിന് ഒരുപിടി ഉപ്പേരി – ഒരു തുടം കാരുണ്യം' എന്ന് പേരിട്ട ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം ക്ഷീരവികസന വനംവകുപ്പ് മന്ത്രി അഡ്വ. കെ. രാജുവാണ് നിർവ്വഹിച്ചത്.

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ ഈ വിജയ മാതൃക ബ്ലോക്കിലാകെ 'നേരങ്ങാടി' എന്ന പേരിൽ പകർത്താനൊരുങ്ങുകയാണ് വാഴൂർ ബ്ലോക്ക് പഞ്ചായത്ത്. വാഴൂരിന്റെ ഈ കർഷകപക്ഷ മാതൃക കേരളമാകെ വ്യാപിപ്പിക്കേണ്ടതുണ്ട്.

ലേഖകൻ വാഴൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ കൃഷി അസിസ്റ്റന്റാണ്

വാർത്തകളും വിശേഷങ്ങളും

നെൽവയൽ/നിലം/തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് സ്പഷ്ടീകരണം

നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാബാങ്കിൽ നെൽവയൽ/നിലം അല്ലെങ്കിൽ തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച സ്പഷ്ടീകരണം നൽകി നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നം.994733/ആർ.എ1/2016/തസ്വഭവ, തീയതി 22.12.2016)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർകക്ഷിയായ കേസുകളിൽ അഡ്വക്കേറ്റ് മുഖേന ഹാജരാകണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർകക്ഷിയാക്കി ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർവാദം നടത്തുന്നതിന് അഡ്വക്കേറ്റ് മുഖേന ഹാജരാകണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നം. 1068103(3)/ഡി.എ2/2016-തസ്വഭവ, തീയതി 20-12-2016)

വിവരാവകാശ നിയമപ്രകാരം ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ 'പൊതു അധികാരി'യായി കണക്കാക്കി ഉത്തരവായി

പൊതുജനങ്ങളുടെയും വിവരം തേടുന്നവരുടെയും സൗകര്യം കണക്കിലെടുത്ത് വിവരാവകാശനിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ 'പൊതു അധികാരി' (Public Authority)യായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.(സ.ഉ (സാ)നം.63/2017/തസ്വഭവ, തീയതി 09-01-2017)

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും വാർഷികപദ്ധതിയും വികസനരേഖയും തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയും (2017-22) വാർഷികപദ്ധതിയും (2017-18) തയ്യാറാക്കുന്നതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (ജി.ഒ (എം.എസ്)നം.10/2017/തസ്വഭവ, തീയതി 09-01-2017)

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി–ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും പരിഷ്ക്കരിച്ച് ഉത്തരവായി

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ(സാധാ)നം.50/2017/തസ്വഭവ, തീയതി 07-01-2017)

തദ്ദേശസ്വയംഭരണവകുപ്പ് – പൊതുസർവ്വീസ് – കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് രൂപീകരിക്കുന്നതിലേക്കായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തി ഉത്തരവായി. ബന്ധപ്പെട്ട വകുപ്പുമേധാവികൾ/സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ എന്നിവർ ഇക്കാര്യവുമായി ബന്ധപ്പെട്ട അവരുടെ നിർദ്ദേശങ്ങൾ കമ്മീഷന് സമർപ്പിക്കേണ്ടതാണ്. (സ.ഉ.(കൈ)നം.198/2016/തസ്വഭവ തീയതി 27-12-2016).

ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കരുത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി ഉറപ്പാക്കേണ്ടതാണ് (സർക്കുലർ നം.792455/ഇ.ഡബ്ല്യൂ3/2016/തസ്വഭവ തീയതി 30-ണ്ട12-2016.)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by P. Bala Kiran IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram



പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **January 2017**
Annual Subscription ₹120/-, Published on 20th **January 2017**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS